₹ 5
PRICE ₹ 5

Hydel Bullet

A Monthly Publication of the Kerala State Electricity Board Engineers Association

# Towards rationalised electricity pricing .........

The Board has been supplying electricity at the lowest price in the country for several decades mainly because of the substantial contribution from hydel resources. The change in the power supply mix during recent years has resulted in phenomenal increase in the cost of power purchase. However, the increase in the cost of power purchase has not been adequately compensated through tariff revisions. The State Government is also not offering any budgetary support for providing subsidy to majority of consumers like domestic, agriculture etc. The additional financial liability incurred by the Board to purchase the high cost energy has severely affected the financial position and to resort to heavy borrowings from financial institutions.

The electricity demand in the State has been increasing by 7 to 8% annually. This substantial growth in the power system brought several changes in the characteristics of the system. The input cost structure and revenue composition have undergone significant changes. The demand of the ensuing year cannot be met with the energy availability from the hydel stations and the allocation from Central Generating Stations alone. A substantial part of the electricity requirement of the State has been met through procuring power from short-term market. Due to the transmission constraints in the Southern grid, KSEB has to depend heavily on the liquid fuel stations- RGCCPP Kayamkulam, KPCL, BDPP and KDPP and the variable cost of energy from liquid fuel stations is about Rs.11.00 per unit. At present, 60% of the total Revenue Requirement is for purchase of power.

As a Government owned public utility, KSEB has been implementing all the policy directions of the State Government such as providing free electricity to consumers below poverty line, giving priority for service connections to weaker sections in the society, subsidy to agricultural consumers, orphanages and similar other eligible consumers as decided by the Government from time to time and tariff concessions to the industrial sector.

⇨

contd.... page 3



എൻജിനീയേർസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് Er.E.Mohammed Shereef, KSEB Pensioners Associationന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം വൈദ്യുതി ഭവനു മുൻപിൽ നടത്തിയ ധർണ്ണയെ അഭിസംബോധന ചെയ്തു സംസാരിക്കുന്നു.



Er. Raji.J.S. Assistant Engineer, who secured the highest marks and coming out as topper in the seventh batch of statutory training program conducted at PETRAC, Moolamattom, receiving the certificate from Er. Ouseph Joseph, Chief Engineer (Generation) Moolamattom.

## KSEB Engineers Association
**Office Bearers - 2012 - 13**

### ASSOCIATION

**President**
Er. E. Mohammed Shereef

**Vice-President** (South)
Er. P. Murali

**Vice-President** (North)
Er. George V. James

**General Secretary**
Er. V. Ranjit Kumar

**Treasurer**
Er. K. Mukesh Kumar

**Organising Secretaries**
Er. Viji Prabhakaran (S)
Er. M.Radhakrishnan Nair (N)

**Secretaries**
Er. G. Shaj Kumar (HQ)
Er. Sheela M. Daniel (S)
Er. K. Santhosh (N)

### BENEVOLENT FUND

**Chairman**
Er. K. Radhakrishna Kumar

**Vice Chairman**
Er. P. Jayakrishnan

**Secretary**
Er. A. Anz

**Treasurer**
Er. E. Santhosh

**Joint Secretaries**
Er. B. Rajendran
Er. K.M. Biju Mohan

### EDITORIAL BOARD

**Chief Editor**
Er. Murali P.

**Associate Editor**
Er. G. Syam Kumar

**Ex. Officio Members**
Er. V. Ranjit Kumar
Er. G. Shaj Kumar


The revised estimates for the year 2011-12 leave a revenue deficit of Rs 2118.48 Crore and the estimate for the year 2012-13 projects a revenue deficit of Rs 3240.25 Crore. All power purchase costs need to be considered legitimate unless it is established that the merit order principle has been violated or power has been purchased at unreasonable rates. The reduction of Aggregate Technical & Commercial (ATC) losses needs to be brought about but not by denying expenditure required for power purchase for providing round the clock supply, necessary and reasonable O&M and investment for system up-gradation. Consumers, particularly those who are ready to pay a tariff which reflects efficient costs have the right to get uninterrupted 24 hours supply of quality power. It has been widely recognised that rational and economic pricing of electricity can be one of the major tools for energy conservation. In accordance with the National Electricity Policy, consumers below poverty line who consume below a specified level may receive a special support through cross subsidy. Tariffs for such designated group of consumers will be at least 50% of the average cost of supply. This provision shall be reviewed every five years. In terms of the Section 61 (g) of the Act, the Appropriate Commission shall be guided by the objective that the tariff progressively reflects the efficient and prudent cost of supply of electricity. Provision of free electricity is not at all desirable as it encourages wastage of

electricity. While fixing tariff for agricultural use, higher level of subsidy shall be considered to support very poor farmers. Tariff for agricultural use may be set at different levels for different parts of a State depending on the condition of the ground water table to prevent excessive depletion of ground water. Extent of subsidy for different categories of consumers can be decided by the State Government keeping in view various relevant aspects. It is necessary that reasonable higher level of subsidy could be considered to support poorer farmers of the region where adverse ground water table condition requires larger quantity of electricity for irrigation purposes subject to suitable restrictions to ensure maintenance of ground water levels and sustainable ground water usage. The subsidized rates need be permitted only upto a certain level of consumption beyond which tariffs reflecting efficient cost of service should be realized

Section 65 of the Act provides that no direction of the State Government regarding grant of subsidy to consumers in the tariff determined by the State Commission shall be operative if the payment on account of subsidy as decided by the State Commission is not made to the utilities and the tariff fixed by the State Commission shall be applicable from the date of issue of orders by the Commission in this regard. The State Commissions should ensure compliance of this provision of law to ensure financial viability of the utilities. To ensure implementation of the provision of the law, the State Commission should determine the tariff initially, without considering the subsidy commitment by the State Government and subsidised tariff shall be arrived at thereafter considering the subsidy by the State Government for the respective categories of consumers.

The State Governments can give subsidy to the extent they consider appropriate as per the provisions of section 65 of the Act. Direct subsidy is better than cross subsidy due to many reasons. Subsidies should be targeted effectively in a transparent manner. Instead of cross-subsidies, the State Government has the option of raising resources through mechanism of electricity duty and giving direct subsidies to only needy consumers.

The electricity tariff in the State of Kerala was recently revised after a gap of nearly 10 years, which is an inordinately long gap by any yard stick. It is fact that the electricity industry can sustain over a long period of time only if the hike in cost is passed on to the consumers through rational tariff revisions. In a recent order, the Appellate Tribunal for Electricity directed all SERCs to carry out annual performance reviews, true-up & recover past expenses and determine the appropriate tariffs to be levied. This is definitely a good step in the right direction. The onus is now on the SERCs and the State Governments to take further positive steps in this direction.

# " ഇത് ഞങ്ങളുടെ കാലം"

ഒരു വലിയ ഇടവേളക്കുശേഷം ചീഫ് എൻജിനീയർ (എച്ച്.ആർ.എം.) ഇറക്കിയ സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവുകൾ പൊതുവെ നീതിപൂർവകമായാണ് പരക്കെ വീക്ഷിക്കപ്പെടുന്നത്. തീർച്ചയായും ചീഫ് എൻജിനീയർ (എച്ച്.ആർ.എം.) അഭിനന്ദന മർഹിക്കുന്നു. അതോടൊപ്പം അതിനു സാഹചര്യമൊരുക്കിയ ബഹുമാനപ്പെട്ട മന്ത്രി, ചെയർമാൻ എന്നിവരുടെ പങ്കിനെയും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. വിരോധാഭാസമെന്നു പറയട്ടെ, പെട്ടെന്ന് ചിലരുടെ നീതിബോധം സടകുടഞ്ഞെഴു ന്നേറ്റതു കാരണം വേണ്ടപ്പെട്ടവർ പോലും ഗതികേടിലായി. കഴിഞ്ഞ ആറു കൊല്ലം പത്തനംതിട്ട ജില്ലയിൽ ആരായിരിക്കണം എന്നതു താനാണ് നിശ്ചയിക്കുന്നതെന്ന് വീംബിളക്കി നടന്ന ഒരു കക്ഷിയുണ്ടായിരുന്നു, ജനറേഷനിൽ പ്രവൃത്തിപരിചയമില്ലാത്ത ഈ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ നിലവിലുള്ള മാനദണ്ഡമനുസരിച്ച് സ്വന്തം ജില്ലയിൽത്തന്നെ ജനറേഷനിൽ ഒഴിവുണ്ടാ യിരുന്ന സ്ഥലത്തു നിയമിച്ചു എന്നതാണ് കാഹളം മുഴക്കി ചെണ്ട കൊട്ടുന്ന ഇക്കൂട്ടരുടെ നീധിബോധമുണരാൻ പ്രധാന കാരണം. സുതാര്യത തങ്ങളുദ്ദേശിക്കുന്ന രീതിയിൽ വന്നിട്ടില്ല എന്നു മുറവിളി കൂട്ടി ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയെയും മറ്റധികാരികളെയും തെറ്റിദ്ധരിപ്പിച്ചു. ഇല്ലാത്ത ഒഴിവുണ്ടാക്കി പത്തനംതിട്ടക്കാരനായ ഈ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ വീട്ടുമുറ്റത്തു തന്നെ നിയമിക്കാത്തതു കൊണ്ട് കാണിക്കുന്ന ഈ കോപ്രായങ്ങൾ കാരണം സ്വന്തം സംഘടനയിലുൾപ്പെടെയുള്ളവർ ഇപ്പോൾ തൃശങ്കുവിലാണ്.

2006 മുതൽ 2011 വരെയുള്ള കാലയളവ് മന്ത്രിയാഫീസിലെ ഒരു അസിസ്റ്റന്റിന്റെ (Assistant)സ്വാർഥതാൽപര്യ സംരക്ഷണ ത്തിന്റെ നേർക്കാഴ്ച സ്വന്തം സംഘടനയിൽ പ്പെട്ടവരെപ്പോലും ഏറെ വിസ്മയിപ്പിച്ചിരുന്ന കാലം. ഫണ്ട് വെട്ടിച്ച് പൊറോട്ടയും ഇറച്ചിയും അടിക്കുന്ന കണക്കു നിരത്തിയായിരുന്നു ബിറ്റ്നോട്ടീസിലൂടെ അണികളിലൊരു വിഭാഗം എതിർപ്പു പ്രകടിപ്പിച്ചിരുന്നത് (കുറ്റം പറയാനൊക്കില്ല, അത്രയൊക്കെ ചിന്തി ക്കാനെ അണികൾക്കു സ്വാതന്ത്ര്യം അനുവദി ച്ചിരുന്നുള്ളു). സംരക്ഷകന്റെ രണ്ടാ മൂഴത്തിൽ പെൻഷൻപറ്റി പടിയിറങ്ങിയപ്പോൾ വൈദ്യുതി ഭവനു മുൻപിൽ പരസ്പരം തോളിൽ കൈ വച്ചുകൊണ്ട് ആംഗലേയ നൃത്തത്തെ അനുസ്മരിപ്പിക്കുന്ന തരത്തി ലുള്ള ചുവടുകൾ വയ്ക്കുന്നത് കണ്ട് അണികൾ അന്തം വിട്ടു, എന്നിട്ട് തലയിൽ മുണ്ടിട്ട് മന്ത്രിയാഫീസിലേക്ക് ഓടി സംഘടന യുടേതായി അഭിപ്രായവും പാസ്സാക്കി. എന്നിട്ട് തിരിച്ചുവന്ന് വൈദ്യുതി ഭവനു മുന്നിൽ ധർണ്ണ, വൈദ്യുതി മന്ത്രിക്കെതിരെ പ്രസംഗം, തൊലിക്കട്ടി അപാരം തന്നെ.

2006 മുതൽ 2011 വരെയുള്ള കാലയളവിൽ വൈദ്യുതി ബോർഡിൽ നടപ്പാ ക്കിയിരുന്ന ഓഫീസർമാരുടെ, പ്രത്യേകിച്ചും എൻജിനീയർമാരുടെ സ്ഥാനക്കയറ്റ/ സ്ഥലം മാറ്റ ഉത്തരവുകളിൽ ഭൂരിഭാഗവും ഇഷ്ടക്കാർ ക്കുവേണ്ടി മാത്രമാണ് നടത്തിയിരുന്നതെന്ന് പ്രസ്തുത കാലയളവിലുള്ള ഉത്തരവുകൾ പരിശോധിച്ചാൽ ആർക്കും മനസ്സിലാക്കാവു ന്നതാണ്. 2006 ജൂൺ മാസം മുതൽ മുൻ വൈദ്യുതി മന്ത്രിയുടെ അസിസ്റ്റന്റും ഒരു ഓഫീസർ സംഘടനയുടെ ഇപ്പോഴത്തെ നേതാവുമായ ഇദ്ദേഹത്തിന്റെ സ്വജന

⇨

പക്ഷപാതത്തിന്റെ നേർക്കാഴ്ചകളാണെന്നുള്ള വസ്തുത നിഷ്പക്ഷമതി കളെപ്പോലെ തന്നെ സ്വന്തം സംഘടന യിലുള്ളവരെയും ഇരുത്തിച്ചിന്തിപ്പിച്ചിരുന്നത്. തന്റെ പ്രവൃത്തി പോലെയാകും മറ്റുള്ള വരുടേതും എന്ന മിഥ്യാ ധാരണയിൽ ചില അബദ്ധങ്ങൾ അച്ചടിച്ച് പ്രചരിപ്പിച്ചു പോയി. മലർന്നു കിടന്നു തുപ്പിയാൽ സ്വന്തം ദേഹത്തു തന്നെവീഴും എന്നുമനസ്സിലാക്കാൻ വൈകിയോ എന്നൊരു സംശയം. 2006-ൽ തുടങ്ങി 2011 വരെ തുടർന്നുപോന്നിരുന്ന വിക്രിയകൾ തുടരാൻ കഴിയാത്ത സാഹചര്യത്തിൽ ഏതു വിധേന യും എല്ലാത്തിലും കുറ്റം കാണുക മാത്രമാണ് ലക്ഷ്യം.

ദുഷ്പ്രചാരണങ്ങൾ അഴിച്ചു വിട്ട് സ്വന്തം താൽപര്യം സംരക്ഷിക്കുവാൻ വേണ്ടിമാത്രം, പടിയിറങ്ങിയ സംരക്ഷകനെ തിരികെ കൊണ്ടുവരുന്നതിനായി തിരക്കിട്ടുള്ള ശ്രമത്തി ലാണു ഈ കക്ഷി. ഒരിക്കലും ഊരാൻ പറ്റാതിരുന്ന വിജിലൻസ് കേസുകൾ ഒതുക്കി ത്തീർത്തതിലുള്ള ഉപകാരസ്മരണ കാണിക്കാ തിരുന്നാൽ ഗുരുത്വ ദോഷമല്ലെ ? വ്യക്തികളല്ല ആദർശവും നയങ്ങളുമാണ് എതിർക്കപ്പെ ടേണ്ടതെന്ന സിദ്ധാന്തവും ഇതിനോടനു ബന്ധിച്ച് തരംപോലെ ഇക്കൂട്ടർ പറഞ്ഞും സ്വപ്നം കണ്ടും നടക്കുന്നുണ്ട്.

സീനിയോറിറ്റി പ്രൊട്ടക്ഷൻ ഉത്തരവു നടപ്പാക്കി മാത്രം പ്രമോഷൻ നടക്കുമെന്നുറ പ്പായപ്പോൾ മന്ത്രിയാഫീസിൽ വിളിച്ച് പ്രമോഷൻ ഉടനെ ഇറക്കരുതെന്നും തങ്ങളുടെ പത്തനംതിട്ടക്കാരൻ നേതാവിനെ വീടി നടുത്തു പ്രതിഷ്ഠിച്ചിട്ടു മതിയെന്നും പറഞ്ഞു നോക്കി, തുടർന്ന് ഉദ്ദേശിച്ചകാര്യം നടക്കാതെ വന്നപ്പോൾ സ്വന്തക്കാരനായ മെമ്പറെ വിളിച്ച് ഉത്തരവു നടപ്പാക്കുന്നതു നീട്ടിവയ്ക്കാനും ശ്രമം നടത്തി. ഇതെല്ലാം പരസ്യമായ രഹസ്യം. എന്തായാലും വിഷയത്തിലേക്കു തിരിച്ചു വരാം. 2006 മുതൽ 2011 വരെയുള്ള കാല യളവിൽ വൈദ്യുതിഭവൻ എച്ച്.ആർ.എം-ൽ നടക്കേണ്ട പ്രവർത്തനങ്ങൾ മൂടോടെ പറിച്ച് മന്ത്രിയാഫീസിലെ ഒരു അസിസ്റ്റന്റിന്റെ മേൽ നോട്ടത്തിൽ വേറെ ആഫീസിൽ എപ്രകാര മാണ് നടത്തിയിരുന്നതെന്ന് തിരിഞ്ഞു നോക്കേണ്ടത് ആവശ്യമാണ്. അതിൽ പ്രസക്തമായ ചിലത് പരിശോധിക്കാം.

## 2006

16.6.2006ൽ ഇറക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എൻജിനീയറിലേക്കുള്ള സ്ഥാനക്കയറ്റ ഉത്തരവിൽ ശ്രി കെ.സുനിൽ. എന്ന എൻജി നീയറെ ആറു വർഷത്തെ ജനറേഷൻ സർവ്വീ സിനു ശേഷം വീണ്ടും മൂഴിയാറിലേക്കു തന്നെ നിയമിച്ചത്''മാനദണ്ഡമനുസരിച്ചായിരുന്ന ല്ലൊ".

## 2007

25.7.2007-ൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിലേക്കുള്ള രണ്ടു സ്ഥാനക്കയറ്റ ഉത്തരവുകളിറങ്ങി, ആദ്യത്തേതിൽ 70 പേർക്കും, നാളിതുവരെ സ്ഥിരപ്പെടുത്താത്ത രണ്ടാമത്തെ ഉത്തരവിൽ 71 പേർക്കും സ്ഥാനക്കയറ്റം ലഭിച്ചു. രണ്ടാമത്തെ ഉത്തര വിലെ 71ൽ 60-ാമനായി സ്ഥാനക്കയറ്റം ലഭിച്ച യാളാണ് നമ്മുടെ ഈ അസിസ്റ്റന്റ് വിദ്വാൻ. ദോഷം പറയരുതല്ലൊ ഇദ്ദേഹം ലിസ്റ്റിലുള്ളതു കൊണ്ട് മുന്നിലുണ്ടായിരുന്നവർക്ക് ഡിഗ്രിയൊ ഡിപ്ലോമയൊ എന്നൊന്നും നോക്കാതെ തന്നെ സ്ഥാനക്കയറ്റം ലഭിച്ചു. ഇതിൽ രണ്ടാമത്തെ ഉത്തരവ് സ്വാധീനമുപയോഗിച്ച് തിരക്കു പിടിച്ചിറക്കിയതാണെന്നാണ് അസൂയാലു ക്കൾ പറയുന്നത്. മറ്റുള്ളവരുടെയെല്ലാം കൊടിയുടെ നിറം നോക്കി, ലിസ്റ്റിലെ സീനി യോറിറ്റി മറി കടന്നു എന്നൊക്കെ ഇപ്പോൾ മുതലക്കണ്ണീരൊഴുക്കുന്ന ഇദ്ദേഹം അന്നുത്തര

വിറങ്ങിയപ്പോൾ 60-ാമനായിരു ന്നിട്ടും കസേര പോലും മാറാതെ തൽസ്ഥാനത്തു തുടരുകയാണുണ്ടായത്.

കൂടാതെ മേൽ സൂചിപ്പിച്ച ആദ്യ ഉത്തരവിൽ ക്രമ നമ്പർ 30, 35,38, 41, 51 ആയി വരുന്ന ശ്രീ. സുരേഷ് കുമാർ.എസ്.വി, ശ്രീമതി ജാസ്മിൻ ഭാനു, ശ്രീ.ബിജു എസ്.എസ്, ശ്രീമതി. മഞ്ജു എസ്.ദേവ്, ശ്രീമതി. മിനി ഷൺമുഖം എന്നിവരെയെല്ലാം തൽസ്ഥാനത്തും സമീപത്തും തുടരാനനവദിക്കുകയും ക്രമ നമ്പർ 11, 20, 63 ആയി വരുന്ന ശ്രീ. ബി. വിജയൻ, ശ്രീ. ജോർജ്, ശ്രീമതി. ഇന്ദു തുടങ്ങിയവരെയെല്ലാം ലിസ്റ്റിലെ സീനിയോറിറ്റിയും മാനദണ്ഡങ്ങളും മറികടന്ന് അതേ സ്ഥലങ്ങളിലൊ ജില്ലയിലൊ തന്നെ നിയമിക്കുകയുമാണുണ്ടായത്. പ്രസ്തുത ഉത്തരവിൽ 22-ാമനായിരുന്ന ശ്രീ. എഡ്വിൻ കാലിസ്റ്റസ്സിനെ ജില്ല മാറി വടശ്ശേരിക്കരയിൽ നിയമിച്ചപ്പോൾ 38-ാമനെ സ്വന്തം ജില്ലയിൽത്തന്നെ നിയമിച്ചു, ഇതാണ് സീനിയോറിറ്റി "നോംസ്".

ഇതേ തീയതിയിലിറങ്ങിയ രണ്ടാമത്തെ താൽക്കാലിക ഉത്തരവിൽ ക്രമ നമ്പർ 30, 45, 46, 60, 61 പ്രകാരം ശ്രീ. സുനിൽ സി.എസ്, ജലേഷ്കുമാർ എ.എസ്, കുര്യൻ സെബാസ്റ്റ്യൻ, എം.ജി.സുരേഷ്കുമാർ, പി.വി.മഞ്ചുള എന്നിവരെ അതേ ഓഫീസുകളിലൊ തൊട്ടടുത്തുതന്നെയൊ നിയമിച്ചു.സ്വന്തം പ്രമോഷൻ ഇറക്കാൻ സഹായിച്ചതിനു പ്രത്യുപകാരമായി 28.9.2007-ൽ ഇറക്കിയ ഡിപ്ലോമക്കാരുടെ പ്രമോഷൻ ഓർഡറിൽ 65 എണ്ണത്തിൽ 28ഉം വിത്തുഹെൽഡ് ആയിരുന്നു. കൂടാതെ ക്രമ നമ്പർ 23ഉം 27ഉം ആയി ശ്രീ.അശോകൻ, സുകുമാരൻ തമ്പി എന്നിവരെ സ്വന്തം സ്ഥലത്തുതന്നെ നിയമിച്ച് മാതൃക കാട്ടിയത് ഏതുമാനദണ്ഡമനുസരിച്ചാണെന്നറിയില്ല!

## 2008

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളനുസരിച്ച് തന്നെയാണ് 15-12-2008-ൽ നടന്ന അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിലേക്കുള്ള സ്ഥാനക്കയറ്റ ഉത്തരവുമിറങ്ങിയത്. ക്രമ നമ്പർ 15, 19, 47 പ്രകാരം ശ്രീ. അനിൽകുമാർ. റ്റി, ശ്രീമതി രൻജനാ ദേവി.കെ, ഹരികുമാർ.ബി എന്നിവരെ അതേ സ്ഥലങ്ങളിലൊക്കെ ത്തന്നെ നിയമിച്ചു. അതേ ഉത്തരവിൽത്തന്നെ ജനറേഷൻ സർവ്വീസ് മുൻപ് പൂർത്തിയാക്കിയിരുന്ന കെ.മുകേഷ് കുമാറിനെ (ക്രമ നമ്പർ.43) വീണ്ടും ജനറേഷനിലേക്കു തന്നെ നിയമിച്ചപ്പോഴും ക്രമ നമ്പർ 31 പ്രകാരം വിജയ സൂര്യയെ കേരളത്തിന്റെ വടക്കേ അറ്റത്ത് ഉപ്പളയിൽ നിയമിച്ചപ്പോഴും ഇപ്പോൾ പറയുന്ന മാനദണ്ഡങ്ങൾ എവിടെയായിരുന്നു?. കൂടാതെ ഇതിനോടനുബന്ധമായി 30.12.2008-ൽ ഇറങ്ങിയ സ്ഥാനക്കയറ്റ ഉത്തരവിൽ ശ്രീ. ജി.മനോജിനെ (ക്രമ നമ്പർ 2) വേക്കൻസി ഇല്ലാതിരുന്നിട്ടും അതേ സീറ്റിൽത്തന്നെ പ്രമോഷൻ നൽകി വൈദ്യുതിഭവനിൽ ത്തന്നെ ഇരുത്തി മറ്റൊരു എക്സിക്യൂട്ടീവ് എൻജിനീയറുടെ കീഴിലാക്കിയതും ചരിത്ര സംഭവങ്ങൾ തന്നെ. ന്യൂന പക്ഷ ഭാഷാ പ്രൊട്ടക്ഷനുള്ള ശ്രീ. നാഗരാജ ഭട്ടിനെ (ക്രമ നമ്പർ 8) സ്വന്തം ജില്ലയായ കാസർഗോഡിൽ ത്തന്നെ നിരവധി ഒഴിവുകൾ ഉണ്ടായിട്ടും ജനറേഷൻ ഡിവിഷൻ കുറ്റ്യാടിയിൽ നിയമിച്ചത് ഏതു സീനിയോറിറ്റി നിയമ പ്രകാരമായിരുന്നു?

## 2009

18.12.2009ലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിലേക്കുള്ള രണ്ടു സ്ഥാനക്കയറ്റ ഉത്തരവിൽ 70 എണ്ണത്തിൽ 23 എണ്ണവും വിത്ത് ഹെൽഡ് ആയിരുന്നു. പ്രസ്തുത ഉത്തരവിൽ ത്തന്നെ ക്രമ നമ്പർ 62 ആയ ശ്രീ. വി. എസ്സ്. വിജയനെ ഇൻകുംബൻസി കോളത്തിൽ തിരിച്ചറിവു സൂചനയായി സംഘടനയുടെ ⇨

ചുരുക്കെഴുത്തായ OAഎന്ന് ചേർത്തിരുന്നത് വിവാദമായതും ആരും മറന്നു കാണാൻ വഴിയില്ല. ഇതേ ഉത്തരവിൽത്തന്നെ ക്രമ നമ്പർ 10, 36, 83, 86 പ്രകാരം രാജേഷ്.കെ, ലത്തീഫ്, കെ. സജിത എന്നിവരെയും ശ്രീ.വി.സ്സ്.വിജയനേയും അതേ സ്ഥലങ്ങളിൽ ത്തന്നെയല്ലെ നിയമിച്ചത്. സി. ഹരികുമാർ, സൻജീവ് കോശി, സുകുമാരൻനായർ, ആൻസി പോൾ, ബുഷറ എന്നിവരെ സ്വന്തം ജില്ലയിൽ തൊട്ടടുത്തു തന്നെ നിയമിച്ചതും ഏതു നോംസനുസരിച്ചാണ്?

എറണാകുളത്തുള്ള മൂന്നു വനിതാ എൻജിനീയർമാരെ രണ്ടു ഒഴിവുകൾ മാത്ര മുണ്ടായിരുന്ന കോതമംഗലം ജനറേഷനിൽ നിയമിക്കുകയും അതിൽ ക്രമ നമ്പർ 7,23 എന്നിവ പ്രകാരം ബേബിഗ്ലീന, ടെൽസി ജോർജ് എന്നിവരെ ജനറേഷനിലേക്ക് തള്ളി വിടുകയും, സ്വന്തക്കാരിയായിരുന്ന ജയമോൾ വർഗീസിനെ (ക്രമ നമ്പർ 11) എറണാകുളത്തേ ക്കുതന്നെ തിരിച്ചു കൊണ്ടു വന്നതും അത്ര എളുപ്പത്തിൽ മറക്കാവുന്നതാണോ? കൂടാതെ ക്രമ നമ്പർ 72 പ്രകാരം ശ്രീമതി. ആർ.എസ്. സുജാതയെ തിരുവനന്തപുരത്തുതന്നെ നിയമിച്ചപ്പോൾ ശ്രീമതി ബിന്ദു ശിവശങ്കര പ്പിള്ളയെ (കമ നമ്പർ 66) കോട്ടയം ജില്ലയിൽ നിയമിച്ചതും ഏതു സീനിയോറിറ്റി മാനദണ്ഡ മനുസരിച്ചാണെന്ന് മനസ്സിലാക്കുവാൻ പ്രയാസമാണ്.

## 2011

2009നു ശേഷം 16.8.2011ലാണ് പിന്നീടൊര വസരം കിട്ടിയത്, പ്രസ്തുത തീയതിയിലി റങ്ങിയ ഉത്തരവിന് പിറകെ 18.8.2011, 26.8.2011, 20.9.2011 എന്നീ തീയതികളിലായി മൂന്ന് ഉത്തരവുകൾ അനോമലിയായിട്ടിറങ്ങിയി രുന്നു. 7.1.2011-ൽ ഇറക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂീവ് എൻജിനീയറിലേക്കുള്ള സ്ഥാനക്കയറ്റ ഉത്തരവിൽ മുൻമന്ത്രിപത്നി കെ.എസ് ആശയെ ക്രമ നമ്പർ 31 പ്രകാരം ഇരുന്ന സീറ്റിൽത്തന്നെ സ്ഥാനക്കയറ്റം നൽകി ഇരുത്തിയത് ഇവർക്ക് മറ്റൊരു പൊൻ തൂവലായി. അതേ ഉത്തരവിൽത്തന്നെ ക്രമ നമ്പർ.8, 11, 19 പ്രകാരം ശ്രീ. രവീന്ദ്രൻ, സുനിൽ, സുരേന്ദ്രൻ എന്നിവരെ സ്വന്തം സ്ഥലങ്ങളി ലൊക്കെത്തന്നെ നിയമിച്ചിരുന്നു. കൂടാതെ തിരുവനന്തപുരത്തുകാരനായ ശ്രീ. വിജയ കുമാറിനെ (ക്രമ നമ്പർ.4) കാസർകോട്ടു നിയ മിച്ചപ്പോൾ പ്രസ്തുത ഉത്തരവിൽ ക്രമ നമ്പർ 28 ആയിരുന്ന വാസുദേവൻപിള്ളയെ തിരുവനന്തപുരത്തു തന്നെ നിയമിച്ചാണ് 'നോംസ്' നടപ്പിലാക്കിയത്. ഇതിനൊക്കെ പ്പുറമെ 29.7.2011-ൽ ഇറക്കിയ 293 അസിസ്റ്റന്റ് എൻജിനീയർമാരുടെ സ്ഥലംമാറ്റ ഉത്തരവിൽ മാത്രം 107 അനോമലികളും 6 ക്യാൻസലേ ഷനും ഉൾപ്പെട്ടിരുന്നു. ഇത്രയധികം അനോമ ലികൾ എങ്ങനെ വന്നു എന്ന് ഊഹിക്കാവുന്ന തേയുള്ളൂ.

ഇപ്രകാരം എല്ലാ മര്യാദകളും മറന്ന് നൃത്തമാടുമ്പോഴായിരുന്നു ഇലക്ഷന്റെ വരവ്. അതോടെ "ഞങ്ങളുടെ കാലം" മൺമറയും എന്ന ഭീതിപൂണ്ട് മുൻകരുതൽ എന്ന നിലയിൽ 6.4.2011-ൽ 969/2011 എന്ന ഒരു ബോർഡ് ഉത്തരവും സംഘടിപ്പിച്ചാണ് ടി അസിസ്റ്റന്റ് മന്ത്രിയാഫീസിൽ നിന്ന് വിട പറഞ്ഞത്. മേൽവിവരിച്ചതിൽ കള്ളവുമില്ല ചതിയുമില്ല, എള്ളോളമില്ല പൊളിവചനം. 2006 മുതൽ 2011 വരെ എല്ലാപേരും ഒന്നു(വേറെ വേറെ)പോലെയായിരുന്നു എന്ന് മേൽ വിവരിച്ച സാമ്പിളുകളിൽ നിന്നും മനസ്സിലായി ക്കാണുമല്ലോ !!!!

**കുരുക്കൾ**

# നിയമവും ഭേദഗതിയും

ഇന്ത്യൻ ഭരണഘടന ആദ്യമായി ലിഖിതമായി രൂപപ്പെടുത്തിയപ്പോൾ അതിന്റെ ശില്പികൾ ധാരാളം നിയമങ്ങൾ അതിൽ എഴുതിച്ചേർത്തു. അന്നു നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥിതിയിൽ ജനതയ്ക്ക് രാജ്യത്തോടുണ്ടാകേണ്ട കർത്തവ്യബോധത്തേയും അവർക്കു ലഭിക്കേണ്ട അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നില്ല എന്നും ഊട്ടിയുറപ്പിക്കുന്ന തരത്തിലായിരുന്നു രൂപീകരിക്കപ്പെട്ടത്. പൊതുധാരയിൽ എത്തിപ്പെടാനാകാത്ത ദുർബല വിഭാഗങ്ങൾ കർശന നിയമപാലനംമൂലം കഷ്ടതയിലേക്ക് വലിച്ചെറിയപ്പെടാതിരിക്കാൻ അവർക്കായി പ്രത്യേക നിയമങ്ങളും ഇളവുകളും ഭരണഘടനയിൽ ഉൾക്കൊള്ളിക്കുവാനുള്ള ദീർഘദർശിത്വം ഭരണഘടനാ ശില്പികൾ പ്രകടിപ്പിച്ചിരുന്നു.

കാലക്രമേണ രാജ്യം പുരോഗതിയുടെ പാതയിലായപ്പോൾ മുൻപ് രൂപീകരിച്ച പല നിയമങ്ങളും അതേപടി തുടരുന്നത് ജനങ്ങളിലെ ചില വിഭാഗങ്ങൾക്കെങ്കിലും അപരിഹാര്യമായ നഷ്ടങ്ങൾ ഉണ്ടാക്കി. ഇത്തരുണത്തിൽ നിയമങ്ങൾ കാലാനുസൃതമായി ഭേദഗതി ചെയ്യാനുള്ള ഉദ്യമമായി. ഇന്ത്യൻ പാർലമെന്റിലെ ജനപ്രതിനിധികളുടെ നിശ്ചിതഭൂരിപക്ഷത്തിന്റെ വോട്ട് വഴി നിയമഭേദഗതികൾക്ക് അംഗീകാരമുണ്ടാക്കാം എന്ന സ്ഥിതി സംജാതമായി. പാർലമെന്റ് മാത്രമല്ല, സംസ്ഥാന നിയമസഭകൾക്കും ഇതേ മാതൃകയിൽ ചില നിയമങ്ങളിൽ ഭേദഗതി വരുത്താൻ സാധിക്കുന്നു. ഇങ്ങനെ ഭേദഗതികൾ വരുത്തി നഷ്ടങ്ങൾ സംഭവിച്ച വിഭാഗങ്ങൾക്ക് ഉടനടി ആശ്വാസം നൽകുവാനും തുടർന്ന് നഷ്ടം സംഭവിക്കാതിരിക്കാനും ഏതൊരു ജനകീയ സർക്കാരും ശ്രദ്ധചെലുത്തുന്നു.

കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള നിയമനം 1:4:3:2 എന്ന ആനുപാതത്തിൽ യഥാക്രമം കെ.എസ്.ഇ.ബിയിലെ മറ്റു തസ്തികകളിലുള്ള ഇലക്ട്രിക്കൽ ബിരുദധാരികൾ: പി.എസ്.സി. പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിലെത്തുന്ന ബിരുദക്കാർ: ഇലക്ട്രിക്കൽ ഡിപ്ലോമ യോഗ്യതയുള്ള സബ്ബ് എഞ്ചിനീയർമാർ: ഇലക്ട്രിക്കൽ ഐ.ടി.ഐ. യോഗ്യതയുമായി സബ്ബ് എഞ്ചിനീയർമാരായവർ എന്നിവരിൽ നിന്നാണ് നടക്കുന്നത്. സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ cadre strength എണ്ണത്തെ ഇത്തരത്തിലുള്ള നിയമനത്തിലൂടെ കണ്ടെത്താനാണ് ബോർഡ് വിഭാവനം ചെയ്തിട്ടുള്ളത്.

അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് സ്ഥാനക്കയറ്റം കിട്ടി എത്തിപ്പെടാവുന്ന തൊട്ടടുത്ത തസ്തിക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിട്ടാണ്. ഇവിടേയും പ്രമോഷൻ കൊടുക്കുന്നത് ഇലക്ട്രിക്കൽ ഡിഗ്രിക്കാർ: ഇലക്ടിക്കൽ ഡിപ്ലോമക്കാർ എന്നത് യഥാക്രമം 3:1 എന്ന എണ്ണത്തിന്റെ ആനുപാതത്തിലാണ്. ഇലക്ട്രിക്കൽ ഡിഗ്രിക്കാർ തുടർച്ചയായി കുറഞ്ഞത് മൂന്ന് വർഷം അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചിരിക്കുകയും ഇലക്ട്രിക്കൽ ഡിപ്ലോമക്കാർ തുടർച്ചയായി കുറഞ്ഞത് ഏഴ് വർഷമെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കുകയും ചെയ്തു കഴിയുമ്പോഴാണ് പ്രമോഷന് പരിഗണിക്കപ്പെടുന്നത്. ഇവിടേയും ഡിഗ്രി/ഡിപ്ലോമ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് പ്രമോഷൻ നൽകുമ്പോൾ cadre strength നെ അടിസ്ഥാനപ്പെടുത്തി 3:1 എന്ന അനുപാതത്തിനാണ് പ്രസക്തി. അല്ലാതെ ഓരോ കാലത്തും വരുന്ന ഒഴിവുകളെ തരംതിരിക്കയല്ല ചെയ്യേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ⇨

പ്രമോഷൻ വ്യവസ്ഥ അണുവിട തെറ്റാതെ പാലിക്കുന്നതിനൊപ്പം cadre strength നെ അടിസ്ഥാനപ്പെടുത്തി എന്ന കാര്യം ആരുടെയൊക്കേയോ താല്പര്യത്തിനായി മറച്ചുവച്ചു. ഇതുമൂലം ഇലക്ട്രിക്കൽ ഡിപ്ലോമക്കാർ കൃത്യം ഏഴ് വർഷം അസിസ്റ്റന്റ് എഞ്ചിനീയറായി ജോലി ചെയ്തു കഴിഞ്ഞപ്പോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി. എന്നാൽ ഇലക്ട്രിക്കൽ ഡിഗ്രി വിദ്യാഭ്യാസ യോഗ്യതയുള്ളവരോ? അവർ പ്രമോഷൻ ലഭിക്കാൻ പാകപ്പെടുന്ന മൂന്ന് വർഷം പോയിട്ട് ഇലക്ട്രിക്കൽ ഡിപ്ലോമക്കാരുടെ ഏഴ് വർഷവും കടന്ന് ഒരു വ്യാഴവട്ട ക്കാലം കടന്നിട്ടും അസിസ്റ്റന്റ് എഞ്ചിനീയർമാരായി തന്നെ തുടരുന്നു.

ഈ സ്ഥിതിവിശേഷം ഇലക്ട്രിക്കൽ ഡിഗ്രിക്കാരായ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഏതാണ്ട് അപരിഹാര്യമായ നഷ്ടവും കടുത്ത മാനസികവ്യഥയും ഉണ്ടാക്കുന്നതായി ബോർഡ് വൈകിയെങ്കിലും തിരിച്ചറിഞ്ഞു. അതിനെ തുടർന്ന് പ്രമോഷൻ വ്യവസ്ഥയിൽ വിദ്യഭ്യാസയോഗ്യതയും സർവ്വീസ് കാലയളവും കുറവുള്ള ഡിപ്ലോമ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇത് രണ്ടും കൂടുതലുള്ള ഡിഗ്രി അസിസ്റ്റന്റ് എഞ്ചിനീയറെ മറികടന്ന് പ്രമോഷൻ നൽകാൻ പാടില്ല (മറ്റെന്തെങ്കിലും കാരണത്താൽ ഡിഗ്രി അസിസ്റ്റന്റ് എഞ്ചിനീയർ അർഹരല്ലാത്ത സാഹചര്യത്തിൽ അവരെ മറി കടന്ന് മറ്റുള്ളവർക്ക് പ്രമോഷൻ നൽകാം) എന്ന കാര്യം കൂടി ഉൾപ്പെടുത്തി.

എന്നാൽ നിയമത്തിൽ ഈ ഭേദഗതി വന്നിട്ട് ഒന്നര വർഷം കഴിയുന്നു. നിലവിൽ 100 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയും ചെയ്യുന്നു. മാത്രമല്ല 167 പുതിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക സൃഷ്ടിക്കുവാൻ ബോർഡ് ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ട് ഒരു വർഷത്തിലേറെയാകുന്നു. ഇങ്ങനെ തസ്തിക സൃഷ്ടിക്കുമ്പോൾ പ്രമോഷനുകൾ നൽകുന്നത് മൂലം ബോർഡിനും ഗവൺമെന്റിനും ഒരുവിധ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നില്ലായെന്നും ബോർഡ് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല പ്രവർത്തനം മെച്ചപ്പെടുകയും ചെയ്യും.

എന്നിട്ടും എന്താണ് പ്രമോഷൻ ഉത്തരവുകൾ ഇറങ്ങാൻ ഈ കാലതാമസം? ഭേദഗതി മുൻസർക്കാരിന്റെ കാലാവധിയിൽ രൂപീകൃതമായതുകൊണ്ട് അത് ഇപ്പോൾ നടപ്പിലാക്കാൻ എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുണ്ടോ? ദുരഭിമാനം ഉണ്ടെങ്കിൽ അതുവെടിഞ്ഞ് എത്രയും വേഗം AE to AEE (Electrical) പ്രമോഷൻ ഉത്തരവുകളിറക്കി മനോവീര്യം തകർന്നിരിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഉയിർത്തെഴുന്നേൽപ്പ് നൽകണം. നീതി വൈകി ലഭിക്കുമ്പോൾ അത് നിഷേധിക്കപ്പെട്ടതിന് തുല്യമായിപ്പോകരുത്.

ഇപ്പോൾ 90 AE മാർക്ക് പ്രമോഷൻ നൽകാൻ പ്രകടിപ്പിച്ച ഇച്ഛാശക്തി സ്വാഗതാർഹമാണ്.

KSEB EA, Thrissur

## CONGRATULATIONS

*KSE Board Engineers' Association whole-heartedly congratulates the Hon'ble Minister for Power, Sri Aryadan Mohammed, KSE Board Chairman and Member (T&GO) for their support for issuing the long pending promotion of Assistant Engineers to the cadre of Assistant Executive Engineers. Special congratulation also goes to the Chief Engineer (HRM) for timely releasing the order.*

# മുതലക്കണ്ണീർ

*ഗുരുജി*

**ഓ**ട്ടമത്സരത്തിലെ ഹഡിൽസ് പോലെ തടസ്സങ്ങളും പാരകളും എല്ലാം തട്ടിമാറ്റി അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിലേക്കുള്ള സ്ഥാനക്കയറ്റത്തിന്റെ ഉത്തരവിറങ്ങിയപ്പോൾ പലരും ഞെട്ടി, ഒപ്പം ചിലർ ഞൊട്ടി. തലേദിവസം രാത്രിവരെ പാരയും വാരികുന്തവുമായി തടയാനെത്തിയവർ അടുത്തദിവസം ഉത്തരവിറങ്ങിയെന്നറിഞ്ഞപ്പോൾ അവർക്ക് വിശ്വാസം വന്നില്ല., അവർ ദേഹത്തുനുള്ളിനോക്കി സ്വപ്നമാണോയെന്ന്. അല്ലെന്നു ബോദ്ധ്യമായപ്പോൾ ഞെട്ടലായി, ഞെട്ടിയുണർന്ന് ഉത്തരവിന്റെ പകർപ്പ് സംഘടിപ്പിച്ച് പരതാൻ തുടങ്ങി, ഇറങ്ങിയ ഉത്തരവ് എങ്ങിനെ ഹൈജാക്ക് ചെയ്യാമെന്ന് തല പുകഞ്ഞാലോചിച്ചിട്ടും വഴിയൊന്നും കണ്ടില്ല. തെളിച്ച വഴിക്ക് നടന്നില്ലെങ്കിൽ നടന്ന വഴിക്ക് തെളിക്കുവാനുള്ള ബുദ്ധി മനസ്സിൽ ലഡ്ഡുവിന്റെ രൂപത്തിൽ പൊട്ടി. ഉടൻ പേനയെടുത്ത് ഉത്തരവിന്റെ പകർപ്പെടുത്ത് ചില നമ്പറുകൾ തപ്പിയെടുത്ത് നമ്പറിറക്കി പരാതിയുടെ രൂപത്തിൽ ബോർഡധികാരികൾക്കു മുമ്പിൽ സാഷ്ടാംഗം സമർപ്പിച്ചു. എങ്ങിനെയെങ്കിലും ഈ ഉത്തരവ് റദ്ദാക്കണം, ചുരുങ്ങിയപക്ഷം പ്രമോഷനിൽപ്പെട്ട ചിലർക്ക് അവരുടേതായ ജില്ലയിൽതന്നെ നിയമനം നല്കിയത് റദ്ദാക്കണം. ഒരു വെടിക്ക് നാലു പക്ഷികൾ, ചിറകരിഞ്ഞ് വീഴുന്ന പക്ഷികളുടെ ചിത്രം മനസ്സിൽ കണ്ടു.

ഏതെങ്കിലും പക്ഷി താഴെവീണാൽ അത് ഞമ്മന്റെ മിടുക്കാണെന്ന് നാട്ടുകാരെങ്ങിനെ അറിയും, മനസ്സിൽ അടുത്ത ലഡ്ഡുവും പൊട്ടി. പരാതിയുടെ പകർപ്പ് സ്വന്തം വെബ്സൈറ്റിൽ പ്രദർശിപ്പിച്ചു. ചില പക്ഷികൾ ഇപ്പോൾ താഴെ വീഴും, വേഗം കോരിയെടുത്ത് ഷവർമയാക്കി മാറ്റണമെന്ന് പറയാതെ പറഞ്ഞു വെച്ചു.

വെബ്സൈറ്റിൽ കയറിയിറങ്ങിയവർ പരാതി കണ്ട് മൂക്കത്ത് വിരൽ വെച്ചു. കാരണം, പരാതിയിൽ ഒപ്പിട്ടിരിക്കുന്ന മിടുക്കൻമാർ പ്രമോഷനായപ്പോൾ ഇരുന്നിടത്തു നിന്നു അനങ്ങിയില്ല. ആ കക്ഷികളാണ് നാലു പേർക്ക് പ്രമോഷൻ കിട്ടിയപ്പോൾ അതേ ജില്ലയിൽ നിയമനം നൽകിയെന്ന മൈതാന പ്രസംഗം നടത്തിയിരിക്കുന്നത്. കഷ്ടം തന്നെ ഇത്തരം പ്രസംഗം ചിലർ നടത്താറുണ്ട്. അത് ആരെന്നു പറയുവാൻ പ്രയാസമുണ്ട്. അത് എത്തരക്കാരാണെന്ന് നിങ്ങൾ തന്നെ ഊഹിച്ചുകൊള്ളുക.

ഒരു ഒന്നൊന്നര കൊല്ലം മുമ്പ് പരാതിക്കാരൻ ഭയങ്കര പ്രതാപത്തിലായിരുന്നു, അന്ന് ശരിക്കും ഒരു പ്രതാപ ചന്ദ്രനായിരുന്നു. അക്കാലത്തിറങ്ങിയ ഒരു പ്രമോഷൻ ഉത്തരവിൽ ഒരാളുടെ പേരിനു നേരെ (OA) എന്ന് അച്ചടിച്ചിരുന്നു. ഉത്തരവു കണ്ടവർ വിചാരിച്ചു ആ പേരുകാരന്റെ ഇനിഷ്യൽ ആയിരിക്കുമെന്ന്. സത്യത്തിൽ അങ്ങിനെയായിരുന്നില്ല. പ്രമോഷനായ വ്യക്തിയുടെ സംഘടനയുടെ പേരായിരുന്നുവെന്ന് മനസിലായവർ ഞെട്ടി. അങ്ങിനെ ഉത്തരവിറക്കിയ വിദ്വാൻമാരാണ് നാലാൾക്ക് നാട്ടിൽതന്നെ നിയമനം നൽകിയെന്ന പരാതിയുമായെത്തിയത്.

അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായുള്ള പ്രമോഷൻ ഉത്തരവുകൾ ഇറങ്ങിയപ്പോഴെല്ലാം ലിസ്റ്റ് ചില നേതാക്കളുടെ പേരിൽ വന്ന് അവസാനിച്ചിരുന്നു. ഡിഗ്രിക്കാരുടെ

⇨

പ്രമോഷൻ ഉത്തരവിറങ്ങിയപ്പോൾ പ്രമുഖനായ നേതാവിന്റെ പേരെത്തിയപ്പോൾ ലിസ്റ്റ് അവിടെ ഉടക്കിനിന്നു. അതിനപ്പുറത്തേക്കു നീങ്ങിയില്ല. ആ ഉത്തരവ് ഓർമ്മയിലുള്ളവർ ഒന്ന് ഓർത്തുനോക്കുക. ഒരു പ്രത്യേക സംഘടനയുടെ മുൻനിരനേതാക്കളായുള്ളവർക്കെല്ലാം സ്വന്തം ജില്ലയിൽ എന്നുമാത്രമല്ല സ്വന്തം പഞ്ചായത്തിൽതന്നെ നിയമനം നൽകിയിരുന്നു.

അടുത്ത ഊഴം ഡിപ്ലോമക്കാരുടേതായിരുന്നു. അപ്പോഴും ലിസ്റ്റ് പ്രമുഖനായ സംഘടനാ വക്താവിന്റെ പേരെത്തിയപ്പോൾ മുന്നോട്ടു നീങ്ങാനാവാതെ ചുവപ്പു കണ്ട തീവണ്ടിയെപ്പോലെ അവിടെ നിന്നുപോയി. പിന്നീട് ഉടൻ തന്നെ വണ്ടി നീങ്ങുകയും ചെയ്തു. പിന്നീട് പ്ലാറ്റുഫോമിൽ നിന്നവർക്കൊന്നും കയറാനും പറ്റിയില്ല. ഈ നേതാവിന്റെ പേരിന് മുന്നെ പ്രമോഷനാവേണ്ട ചിലരുണ്ടായിരുന്നു, അവരെയെല്ലാം തട്ടിമാറ്റിയാണ് നേതാവിന് പ്രമോഷൻ കിട്ടിയതെന്ന് പറയാനാവില്ലെങ്കിലും അതിനു മുന്നെ ലഭിക്കേണ്ട ഏഴെട്ടുപേർ വഴിയാധാരമായി

ഈ ഉത്തരവിറങ്ങിയപ്പോൾ വല്ലേട്ടൻമാർ ഒരു തീരുമാനമെടുത്തു, ഒരു ഡിപ്ലോമാക്കാരൻ പോലും ഇനി പ്രമോഷൻ നേടരുത്, ഇനിയുള്ളവർ പ്രമോഷൻ വാങ്ങിയാൽ തങ്ങളുടെ തോളോടു ചേർന്ന് നിൽക്കില്ലെ, അത് പാടില്ല. വേഗം സീനിയോറിറ്റി ക്ലോസെന്ന വാളെടുത്തു വീശി.

സീനിയോറിറ്റിയുടെ വാളടുത്തു വീശുമ്പോൾ എഴുപതോളം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടായിരുന്നു. അത്രയും ഡിഗ്രിക്കാർക്ക് അന്ന് പ്രമോഷൻ കൊടുക്കാമായിരുന്നു. അങ്ങിനെ കൊടുത്താൽ അവരെല്ലാം തന്നോടൊപ്പമാവുമെന്ന ചിന്ത അലട്ടി. തന്നോളം ആയാൽ താനെന്നു വിളിക്കണമെന്നാണല്ലോ നാട്ടുനടപ്പ്. ഒരു പ്രമുഖ തൊഴിലാളിയൂണിയൻ പ്രമോഷൻ കൊടുക്കുന്നത് എതിർക്കുകയാണ് അത് കാരണം നിവൃത്തിയില്ലാഞ്ഞിട്ടാണ് പ്രമോഷൻ ഇറക്കാത്തതെന്ന് അന്നു തൊട്ട് ഒരു വ്യാജ പ്രചരണം അഴിച്ചുവിട്ടു.

പ്രതാപചന്ദ്രൻമാർ പ്രതാപകാലം കഴിഞ്ഞിട്ടും പ്രമോഷൻ ഇറക്കാതിരിക്കുവാനുള്ള വേലത്തരങ്ങളൊക്കെ ഒപ്പിച്ചു. ആ വേലത്തരങ്ങളൊക്കെ വൃഥാവിലാക്കി പ്രമോഷൻ ഉത്തരവിറങ്ങിയപ്പോഴാണ് ഇപ്പോഴത്തെ പരാതിപ്രളയം കൊണ്ട് സുനാമി സൃഷ്ടിക്കാനിറങ്ങിയത്.

മുമ്പ് ഇറങ്ങിയ പ്രമോഷൻ ഉത്തരവുകളിലെല്ലാം പരാതിക്കാരുടെ സംഘടനാ നേതാക്കളെല്ലാം വൃത്തിയായി അവരുടെ സ്വന്തം സ്ഥലങ്ങളിൽ നിയമനം നേടി. അന്ന് അവരുടെ സീനിയോറിറ്റി നമ്പരൊന്നും വിഷയമായിരുന്നില്ല. സംഘടനയിലെ സീനിയോറിറ്റിയായിരുന്നു താരം

ആകാശത്തുനിന്നും താരങ്ങളെല്ലാം നിലത്തിറങ്ങിയപ്പോഴാണ് സീനിയോറിറ്റിയെക്കുറിച്ച് ഓർമ്മ വന്നത്. തൊഴിലാളി സംഘടനകളുടെ എതിർപ്പെന്ന വ്യാജപ്രചരണമെന്ന മൂടുപടവും അഴിഞ്ഞു വീണു. പരാതി വെബ്സൈറ്റിൽ ഇട്ടപ്പോഴാണ് വെബ്ബ് എന്ന വാക്കിന്റെ അർത്ഥം ഓർത്തത്, എട്ടുകാലി വലയെന്നോർത്തപ്പോഴാണ് എട്ടുകാലി മമ്മൂഞ്ഞിനെ ഓർമ വന്നത്, ഉടനടി മമ്മൂഞ്ഞിന്റെ വേഷം എടുത്തണിഞ്ഞു, ഇത്തവണത്തെ പ്രമോഷൻ ഉത്തരവിറക്കിയത് ഞാനും ബോർഡും ചേർന്നാണ്. വേഗം ദിക്കുപാലകരെ അറിയിച്ചു. അവർ കിംവദന്തികൾ നാടുനീളെ പ്രചരിപ്പിച്ചു. അതുകേട്ട് മമ്മൂഞ്ഞിന്റെ സംഘടനയിൽപ്പെട്ട ഒരാൾക്ക് അരിശം വന്നു. പാരകളും വാരികുന്തവുമായി ഉത്തരവിനെ തകർക്കാനായി നടന്നവർ

⇨

# SOLAR ENERGY

India gets more than 5,000 trillion kWh of Solar Energy every year. This much of energy is very high compared to the overall energy requirement and consumption in the country. As regards the latest trends in developed countries like the U.S. and Japan, it is estimated by industry experts that millions of homes around the world are going to switch to solar energy in the next few years.

The Indian Renewable Energy Development Agency is busy creating a programme to facilitate the use of solar energy in over one million homes in India in the next few years.

**What is solar energy?**

Solar Energy is the energy received from the sun that sustains life on earth. For many decades solar energy has been considered as a huge source of energy and also an economical source of energy because it is freely available. However, it is only now after years of research that technology has made it possible to harness solar energy.

Some of the modern Solar Energy systems consist of magnifying glasses along with pipes filled with fluid. These systems consist of frontal glass that focuses the sun's light onto the pipes. The fluid present in the pipes heats up instantly. In addition they pipes are painted black on the outside so as to absorb maximum amount of heat. The pipes have reflective silver surface on the back that reflects the sunlight back, thus heating the pipes further. This reflective silver surface also helps in protecting everything that is on the back of the solar panel.

The heat thus produced can be used for heating up water in a tank, thus saving

---

ഉത്തരവിന്റെ നേരവകാശികളായി വടക്കൻ പാട്ടും പാടി വന്നപ്പോൾ അരിശം വന്ന സംഘടനാകുഞ്ഞ് വാളെടുത്ത് അങ്കം കുറിച്ചു, ഈ നേരവകാശിയുടെ മാമ്മൂഞ്ഞത്തരം ഇന്നവസാനിപ്പിക്കും. കമ്പ്യൂട്ടറെടുത്തു അരിശം വാക്കുകളാക്കി മാറ്റി കൂട്ടുകാർക്കെല്ലാം എത്തിച്ചു. അരിശം നിറഞ്ഞ വാക്കുകൾ കണ്ട കൂട്ടുകാർ ഞെട്ടി, ഇതാണോ സത്യം. ഇതാണ് സത്യമെങ്കിൽ ഈ സംഘടനയിൽ തുടരുന്നതിൽ അർത്ഥമില്ല, അവിടെ നിന്നും കൂട്ടപാലായനം തുടങ്ങി. ഉടൻ വീരപ്രതാപി അടുത്ത നമ്പറെടുത്ത്, മൂന്നു വർഷം കഴിഞ്ഞാൽ ഞാനാണ് മന്ത്രിയെന്നു മാത്രം പറഞ്ഞില്ല. പക്ഷെ പ്രമോഷൻ കാത്തു നിൽക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരൊന്നും ആ ഭീഷണിയെ വിലയ്ക്കെടുത്തില്ല. ഒരാൾ സ്വന്തം സംഘടനയെ തള്ളിപ്പറഞ്ഞ് മറ്റൊരു സംഘടനയെക്കുറിച്ച് നല്ലവാക്കുകൾ പറയാൻ തയ്യാറാവുമ്പോൾ, ചിലർക്ക് മുഖം കോടിപ്പോകുന്നു.

പരാതിക്കാരന്റെ സംഘടനയിൽപ്പെട്ട ആൾ തന്നെ പ്രമോഷൻ ഉത്തരവിറങ്ങാൻ ഒരു സംഘടന ആത്മാർത്ഥമായി പരിശ്രമിച്ചുവെന്നും ആ സംഘടനയുടെ പേർ 'എഞ്ചിനീയേർസ് അസോസിയേഷൻ' എന്നും പറയുമ്പോൾ, നമ്മുടെ സംഘടനയിലെ ഓരോ അംഗത്തിനും അഭിമാനിക്കാം അതാണ് 'എഞ്ചിനീയേർസ് അസോസിയേഷൻ'.

the large amount of gas or electricity required to heat the water.

**Solar Energy Facts**

Solar Energy is already being successfully used in residential and industrial settings for cooking, heating, cooling, lighting, space technology, and for communications among other uses. In fact, fossil fuels are also one form of solar energy stored in organic matter. With fossil fuels making major impact on the environment and raising issues of pollution and global warming, solar energy has increased in its importance to industries and homes. While the reserves of fossil fuels are restricted, there is no limitation to the availability of solar energy.

With improvement in solar energy technology and the increase in prices of fossil fuel, solar energy is gradually becoming more and more affordable. In addition, there is additional cost in the form of importation and transportation, required for oil, coal and gas.

On a surface on the Earth's orbit, normal to the sun, solar radiation hits at the rate of 1,366 Watt Per Meter Square. This is known as solar constant. While 19% of this energy gets absorbed in the atmosphere, 35% gets reflected by clouds. So, the solar energy that reaches sea level is much reduced.

In the last few years, the cost of manufacturing of photovoltaic cells has gone down by as much as 5% in a year and the percentage of government subsidies have gone up. This means that every year, it is becoming more and more affordable to use Solar Energy. In 2004, the global solar cell production increased by as much as 60%. The amount of energy released by a single Kilo Watt of solar energy unit is equivalent to burning as much as 76 Kg of coal that releases over 135 Kg of carbon dioxide.

As per energy industry giant, Shell more than 50% of the global energy in 2040 is going to be in the form of renewable energy.

**Solar Energy for home.**

In the last few years the number of photovoltaic installations on homes connected to utility grid has grown significantly. And, the demand for Solar Energy has grown due to policies in green pricing from utilities and government rebate programs. The demand has also grown due to the interest of households to get electricity from renewable, non-polluting and clean source. However, most of the users are interest in solar energy, but they can pay only a limited premium for it.

The returns on the initial high costs of installation are in the form selling solar energy to the grid at premium rates and also in the form of long-term savings that come in the form of not having to pay any utility bills.

When you have a solar system that is connected to the utility grid, the regular generation of electricity is used at home and the excess electricity is exported to the utility. In this type of setup you would not require any batteries because any additional demand will be met from the grid supply. However, if you want to be free of the grid, battery storage will be

required to supply power during nighttime and during cloudy or stormy conditions.

Vacation homes or holiday homes that don't have access to the grid can utilize Solar Energy in a more cost-effective manner as compared to relying on the grid for running wires to the remote location. People living in remote areas having sufficient sunlight can get reliable power in the form of solar energy. The basic components required in the solar power system consists of a solar panel, battery for storing all the energy gathered during daytime, a regulator and essential switches and wiring. These types of systems are commonly known as Solar Home Systems (SHS).

**Solar Energy Cost.**

When you want to install Solar Energy system at home, you would require it to be sufficient for meeting all electricity requirements in home for a day plus it should generate enough power to store for 3 to 5 days for contingency purpose. Such a system would keep supplying power and getting charged when the days are sunny. During rain or winters it would be able to keep backup charge for a couple of days until the sun emerges. This means that such a solar power system is going to supply you a regular flow of electricity.

Solar panels are one of the most important factors in the generation of Solar Energy. On an average, 1 Sq. Ft. of Solar Panel generates 10.6 Watts of power. And, the cost of 1 Sq. Ft. of Solar Panel is approximately Rs. 4,500. 10.6 Watt of power is sufficient to light a room. So, if you want to power appliances like television, refrigerator and computer, you would need more solar panels.

You would have to consider solar grid-tie, and install 60 to 70 solar panels on the roof to meet the overall electricity requirement of your home. You must know that the cost of installing solar panels is not at all cheap.

**Advantages of Solar Energy.**

Solar Energy has more advantages than you can point out the disadvantages. When it comes to considering solar power as mainstay source of energy for home and industrial settings, it beats all other conventional sources of energy.

Once the initial cost of installation is met, the electricity generated by solar panels is free of cost. In a stand-alone solar power system you don't have to pay any utility bills. Another positive in installing solar power systems is that government offers lots of rebates and incentives to cover the initial cost. You can also sell the additional electricity generated by your system. Sometimes the utility company will give you credits for selling the excess amount of electricity.

Another good thing about solar power is that the cost of the technology is decreasing almost every few months and the efficiency is improving significantly. Today, you can find different types of solar solutions that are more convenient to install. Solar Energy is a renewable and clean source of energy and you don't have to pay any transmission cost. This is because the energy would be produced and consumed at the same place.

⇨

# വനഭൂമിയും പാട്ടക്കരാറുകളും

*Er.V.Rajan, Dy.CE (Retd)*

ഭൂമിയും മണ്ണും എന്നും നമ്മുടെ സംസ്ഥാനത്ത് പ്രശ്നമാണ്. ഭൂപരിഷ്ക്കരണ നടപടികൾ ഏറ്റവും കൂടുതൽ നടന്നതും ഇവിടെയാണ്, എന്നിട്ടും പ്രശ്നങ്ങൾ ബാക്കി. കർഷകർക്കും കർഷകതൊഴിലാളികൾക്കും കുടികിടപ്പുകാർക്കും മിച്ചഭൂമി വിതരണം ചെയ്തത് ഒരു ലോകോത്തര കാര്യമായിട്ടാണ് നമ്മുടെ രാഷ്ട്രീയ പാർട്ടികൾ പ്രചരിപ്പിക്കുന്നത്; പക്ഷേ ഈ നടപടി കൊണ്ട് കാർഷിക ഉല്പാദനമൊന്നും കൂടിയില്ലെന്നു മാത്രമല്ല അത് കുറയുകയും ചെയ്തു. ഇതിനിടക്ക് രണ്ടാം ഭൂപരിഷ്ക്കരണമെന്നൊക്കെയുള്ള ചില ചർച്ചകളും നടന്നു. ആദ്യനിയമത്തിൽ തോട്ടങ്ങളെ മിച്ചഭൂമിയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നു. അത് വളരെ പ്രതിലോമകരമായ നടപടിയായിപ്പോയെന്നും അത് കൊണ്ട് അതിനെ കൂടി പിടിച്ചെടുത്ത് വിതരണം ചെയ്യേണമെന്നൊക്കെ ആയിരുന്നു ചർച്ച. അതിനെതിരെ അന്നത്തെ വ്യവസായ സെക്രട്ടറി അഭിപ്രായം പറഞ്ഞത് വലിയ പ്രശ്നമായിരുന്നു വ്യവസായ വികസനത്തിന്റെയും കൃഷിയുടെയും കാഴ്ചപ്പാടിൽ ദുർലഭമായ ഭൂമിയെ ഇനിയും തുണ്ടുകളാക്കുന്നത് ശരിയല്ലായെന്നാണ് അദ്ദേഹം പറഞ്ഞത്.

നേരത്തെ പറഞ്ഞ മിച്ചഭൂമിവിതരണം കാരണം ഉള്ള ഭൂമി മുഴുവൻ ചെറുതുണ്ടുകളായി വിഭജിക്കപ്പെട്ടു. അങ്ങനെ ലഭിച്ച

---

Depending upon your budget, you can get all or a part of your electricity requirements fulfilled by solar energy. When batteries are used in the system to store electricity you can become entirely independent of the grid. This also means that you don't have to get bothered by power failures in the grid, as you would be able to enjoy seamless supply of electricity.

**Disadvantages of Solar Energy.**

Even though Solar Energy has several disadvantages, they are not major in degree and the benefits of this renewable source of energy far outweigh them.

The initial cost of the installation and equipment is high. When you compare fossil fuel technology with solar power technology, the former will seem to be far more affordable. Even though Solar Energy is being used at an increasing rate, the initial costs don't encourage the maximum users to switch to this renewable source of energy.

If there is shortage of space for installing solar panels, you would not be able to generate sufficient amount of Solar Energy required to meet your electricity requirements.

Considering all these factors, it doesn't require much judgment to see that solar energy is the mainstay of energy requirement in both households and industries, both in the future and in the next few years. It is only a matter of time before Solar Energy technology becomes easily affordable to make this untapped and unending source of energy a common phenomenon in every household.

Source:-Solar Energy Society of India (SESI)

ഭൂമിയിൽ ആരും പ്രത്യേകിച്ച് കൃഷിയൊന്നും നടത്തിയില്ല; നടത്തിയാൽതന്നെ അത് കൊണ്ട് ജീവിക്കാനുള്ള വരുമാനം ലഭ്യ മാകാനും പ്രയാസമായിരുന്നു. ഇതിനിടക്ക് നമ്മുടെ മിഥ്യയായ വികസനപ്രക്രിയ കാരണം സമൂഹത്തിൽ പല ആശാസ്യമല്ലാത്ത പ്രവണ തകളും കടന്നുകൂടി. അതുകൊണ്ടുതന്നെ കാർഷിക വൃത്തിയോട് ആർക്കും താല്പര്യ മില്ലാതായി. കൂടാതെ ആ മേഖലയിലെ കൂലിവർദ്ധനയും കൃഷിയെ ദോഷകരമായി ബാധിച്ചു. എല്ലാപേർക്കും വെള്ളക്കോളർ ജോലിയിലായി താല്പര്യം. ഇതിനിടക്ക് ജീവനക്കാരുടെ മുന്തിയ ശമ്പള വർദ്ധന വിന്റെയും ഗൾഫ് പണത്തിന്റെയും പിൻബല ത്തിൽ ഭൂമിയൊരു കച്ചവട വസ്തുവായി. അതിനനുബന്ധമായി റിയൽ എസ്റ്റേറ്റ് ബിസ്സിനസ് ഇവിടെ തഴച്ചു വളർന്നു. മിച്ചഭൂമി മുഴുവൻ നേരത്തെ ചെറുതുണ്ടുകളാക്കി മാറ്റീരുന്നത് ഇതിന് വളരെ സഹായകമായി. അങ്ങനെ സമൂഹത്തിലെ ഏതാണ്ടെല്ലാ മേഖലയിലെയും ജനങ്ങൾ ഈ ബിസിന സ്സിലേക്ക് ആകർഷിക്കപ്പെട്ടു. അത്കാരണം ഭൂമിക്കച്ചവടം തകൃതിയായി നടക്കുന്നു. കൂടെക്കൂടെ ചില ഒറ്റപ്പെട്ട പ്രതികരണങ്ങൾ ഇതിനെതിരെ കേൾക്കാറുണ്ടെങ്കിലും നാട്ടി ലുള്ള വയലുകളും ചതുപ്പുകളും തണ്ണീർതട ങ്ങളും കണ്ടൽകാടുകളുമെല്ലാം കുന്നുകൾ ഇടിച്ച മണ്ണുകൊണ്ട് നികത്തി വീടുകളും വ്യാപാര സ്ഥാപനങ്ങളും നിർമ്മിക്കുന്നു. ഇത്കാരണം തൊഴിൽ സാദ്ധ്യത വർദ്ധിപ്പി ക്കാനുള്ള വ്യവസായങ്ങളൊ മറ്റ് സ്ഥാപന ങ്ങളൊ തുടങ്ങാനുള്ള ഭൂമി ലഭ്യമാക്കാൻ വലിയ പ്രയാസമായി, ലഭ്യമായാൽ തന്നെ അതിന്റെ വില താങ്ങാൻ ഒരു നിക്ഷേപകനും തയ്യാറാകില്ല.

ഇതൊക്കെയാണ് നമ്മുടെ ഭൂപരിഷ് ക്കരണം കൊണ്ടുണ്ടായ മാറ്റങ്ങൾ. ഇതിനിട ക്കാണ് പാട്ടക്കരാർ കഴിഞ്ഞ വനഭൂമിയുടെ പ്രശ്നം വന്നത്. വനഭൂമിയിലെ തോട്ടങ്ങളാ യതു കൊണ്ട് തന്നെ വിശാലമായ ഏരിയ യാണ് ഇതിൽ ഉൾപ്പെടുന്നത്. അതുകൊണ്ടു തന്നെ പ്രശ്നപരിഹാരവും ദുഷ്ക്കരമാണ്. നമുക്ക് എല്ലാ വിഭാഗക്കാർക്കും രാഷ്ട്രീയ പാർട്ടികളുള്ളതുകൊണ്ട് നമ്മുടെ ജനനേതാ ക്കൻമാരെല്ലാം സടകുടഞ്ഞെഴുന്നേറ്റിട്ട്; അതിന്റേതായ ബഹളം മാധ്യമങ്ങളിൽ നടക്കുന്നുമുണ്ട്. കൈയ്യേറ്റക്കാരെന്നും കുടിയേറ്റക്കാരെന്നും നിയമപരമായ പാട്ടക്കാര നെന്നും അങ്ങനെ പല വിഭാഗക്കാരാണ്. കുറെപ്പേർ പറയുന്നത് ഇതൊക്കെ റവന്യു ഭൂമിയാണെന്നാണ്, മറ്റൊരു കൂട്ടർ വനഭൂമി യെന്നും പറയുന്നു കുറെ കേസുകൾ ഇപ്പോൾ കോടതിയിലാണ്. ദൈവം തമ്പുരാൻ വിചാരി ച്ചാൽപ്പോലും ഈ കേസുകളിൽ ഗവൺമെന്റ് ജയിക്കില്ലായെന്നാണ് ഉത്തരവാദപ്പെട്ട ഒരു നേതാവുതന്നെ പറയുന്നത്.

പാട്ടക്കരാറിൽ പറയുന്ന ആവശ്യത്തി നല്ലാതെ ഈ ഭൂമി മറ്റൊരു കാര്യത്തിനും പാട്ടക്കാരന് ഉപയോഗിക്കാൻ അവകാശമില്ല. ഇവിടിപ്പോൾ ഈ പറയുന്ന രീതിയിലല്ല പല തോട്ടങ്ങളും പരിപാലിക്കപ്പെടുന്നത്. കൂടാതെ കരാർ വസ്തുവിന് ചുറ്റും വിശാലമായ കൈയ്യേറ്റങ്ങളും നടന്നിട്ടുണ്ട്. അത്കൂടാതെ ഈ വസ്തു ഈടുവച്ച് ലോണുകളും ബാങ്കിൽ നിന്നും തരപ്പെടുത്തിയിട്ടുണ്ട്. ഇതിനിടക്കാണ് കുടിയേറ്റക്കാരുടെ പ്രശ്നവും കിടക്കുന്നത്; ഇത് പൊതുവെ ചെറിയ ഏരിയകളാണ്.

ഇവിടെയാണ് രാഷ്ട്രീയ ഉദ്യോഗസ്ഥ രഹസ്യബന്ധം തെളിയുന്നത്. പട്ടയമൊന്നു മില്ലാത്ത ഭൂമി കൈമാറ്റം ചെയ്യാനും ഇ ൗട് വയ്ക്കാനും സാധിക്കില്ലായെന്നുള്ളതാണ് നിയമം. പാട്ടഭൂമിക്കും കൈയേറ്റ ഭൂമിക്കും പട്ടയമില്ലായെന്നുള്ളത് പകൽപോലെ സത്യം. അതുകൊണ്ടു തന്നെ അതിന്റെ പുറത്തുള്ള ഒരു ഇടപാടിനും നിയമസാധുതയില്ല. ഇവിടെ യാണ് രാഷ്ട്രീയശക്തിയുടെ ബലം. വിശേഷിച്ചും മുന്നണിഭരണം കൂടിയാകു മ്പോൾ ഭരണം കൈവിടുന്നതിൽ ആർക്കും താല്പര്യമില്ലല്ലോ.

⇨

കഴിഞ്ഞ ഗവൺമെന്റ് മൂന്നാറിൽ കുറെ ശ്രമങ്ങൾ നടത്തി. മുന്നണിയിലുള്ള പാർട്ടികളുടെതന്നെ എതിർപ്പ് കാരണം പ്രത്യേകിച്ചൊന്നും നടന്നില്ല. അതെസമയം തൂത്തും പാറ എന്ന അംഗീകൃത അടയാളമുള്ള ജൈവകൃഷിതോട്ടം പാട്ടകരാർ കഴിഞ്ഞ കാരണം പറഞ്ഞ് കഴിഞ്ഞ ഗവൺമെന്റ് ഏറ്റെടുത്തു. ഇപ്പോൾ തോട്ടം മുഴുവൻ നശിച്ചു, തൊഴിലാളികൾക്ക് തൊഴിലുമില്ലാതായി. അങ്ങനെ തോട്ടങ്ങൾ തിരിച്ചെടുക്കണോയെന്ന് നമ്മൾ ഗൗരവമായി ചിന്തിക്കണം. (തിരുവനന്തപുരത്തെ ഗോൾഫ് ക്ലബ്ബ് ഗവൺമെന്റ് ഏറ്റെടുത്തിട്ടിപ്പോൾ കയ്ചിട്ട് ഇറക്കാനും.... എന്ന നിലയിലാണ്, അത് പോലെ കാര്യങ്ങൾ ചെയ്യരുത്. അത് പോലെ ഭൂപരിഷ്ക്കരണത്തിന്റെ ഭാഗമായി കുട്ടനാട്ടിൽ ഗവൺമെന്റ് ഏറ്റെടുത്ത ശ്രീ. മുരിക്കന്റെ കായൽ നിലങ്ങളുടെ ഇപ്പോഴത്തെ ഗതി എന്താണെന്ന് ആർക്കുമറിയില്ല; കുറെ നാൾ ഗവൺമെന്റ് നേരിട്ട് കൃഷി ചെയ്തു, പിന്നെ ചെറുതുണ്ടുകളായി തൊഴിലാളികൾക്ക് നല്കി, അത് പിന്നെ സൊസൈറ്റിയായി, ഇപ്പോൾ ഏതൊ റിസോർട്ടുകാരുടെ കൈയിലാണെന്ന് പറയുന്നു.) പാട്ടക്കരാർ ലങ്കിച്ച തോട്ടങ്ങളും തരിശ്ശായിട്ട് കിടക്കുന്ന തോട്ടങ്ങളും എത്രയും പെട്ടെന്ന് തിരിച്ചെടുക്കണം. അതിനെ രാഷ്ട്രീയ ലാഭത്തിനായി (വോട്ടിനായി) ചെറുതുണ്ടു കളായി വിഭജിക്കുന്നത് നന്നല്ല. അങ്ങനെ ചെയ്താൽ നേരത്തെ പറഞ്ഞ ഭൂമികച്ചവടക്കാർക്കാണ് ഗുണം. അല്ലാതെ നാട്ടിന് പ്രത്യേകിച്ച് ഗുണമൊന്നുമുണ്ടാകില്ല. അതെ സമയം കരാർ ലംഘനമൊന്നുമില്ലാത്ത തോട്ടങ്ങൾ കരാർ കലോചിതമായി പരിഷ്ക്കരിച്ച് കരാറുകാരന് തന്നെ നല്കാവുന്നതാണ്. ഏറ്റെടുക്കുന്ന തോട്ടങ്ങൾ ഒരിക്കലും തരിശ്ശിടരുത്; അനുയോജ്യമായ കൃഷികൾ നടത്തണം കരാറുകാരുടെ കൂടെനിന്ന് കരാർ ലംഘനം (മറിച്ച് വില്പന, ഈട് വയ്ക്കൽ) നടത്താൻ സഹായിച്ച ഉദ്യോഗസ്ഥരെയും കരാറുകാരെയും നിയമത്തിന്റെ മുമ്പിൽ കൊണ്ട്വരണം.

ചെറു കുടിയേറ്റക്കാരുടെ പ്രശ്നം ഓരോ കേസുകളായി മെരിറ്റ് അടിസ്ഥാനത്തിൽ തീരുമാനിക്കണം. ഒരു പൊതു നിയമത്തിന്റെ ആവശ്യമില്ല. അതല്ലായെങ്കിൽ നാട്മുഴുവൻ റിയൽഎസ്റ്റേറ്റ് മാഫിയയുടെ കൈയിലാകും.

മെയ്യനങ്ങി ഒരു പണിയും ചെയ്യാൻ തയ്യാറാകാത്ത സമൂഹത്തിൽ വിനോദ സഞ്ചാരം, ഹോട്ടൽ, ആശുപത്രി എന്നീ മേഖലകളിൽ കുറെ തൊഴിൽസാദ്ധ്യതകൾ ഉണ്ടാകുന്നത് നല്ലതല്ലെ? (കോട്ടും ടൈയുമൊക്കെ കെട്ടി അനങ്ങാതെനിന്നാൽ പോരെ). നിലവിലുള്ള തോട്ടങ്ങളുടെ 5% ഈ ആവശ്യത്തിന് ഉപയോഗിക്കുന്നത് സംസ്ഥാനത്തിന് നല്ലതാണ്. ഏറ്റെടുക്കുന്ന കൃഷി തോട്ടങ്ങൾ പരിപാലിക്കാൻ സാധിക്കാത്തതു കൊണ്ട് കാട്കയറുമ്പോൾ അത് പരിസ്ഥിതി സംരക്ഷണമാണെന്ന് പറയുന്നത് കാപട്യമാണ്. കുറെ യുവജനനേതാക്കൾക്ക് ഒരു സുപ്രഭാതത്തിൽ പരിസ്ഥിതി സ്നേഹം വരുന്നത് അതിശയമായിരിക്കുന്നു. വെസ്റ്റെൺ ഗാട്ട്സ് പരിസ്ഥിതി ദുർബല പ്രദേശമാണെന്ന് പറയാനും അത്കൊണ്ട് അവിടെ ഒരു വികസനപ്രവർത്തനവും പാടില്ലായെന്ന് പറയാനും ഒരു വിദഗ്ദസമിതിയൊന്നും വേണ്ട; പാരിസ്ഥിതിക മൗലിക വാദമുള്ള ആർക്കും പറയാം. മൂന്നന്നേകാൽകോടി (ഭാരതമാണെങ്കിൽ 120 കോടി) ജനങ്ങളുടെ സർവ്വതോമുഖമായ വികസനമാണ് പ്രധാന പ്രശ്നം. മുഴുവൻ ജനത്തിന്റെ ജീവിത ശൈലിയും ഉയരുകയും വേണം. പ്രകൃതി അമ്പത് വർഷം മുമ്പുണ്ടായിരുന്നത്പോലെ സംരക്ഷിക്കപ്പെടണമെന്നും പറയുന്നത് ഇരട്ടതാപ്പാണ്. പ്രകൃതി സംരക്ഷിക്കപ്പെടണമെങ്കിൽ നമ്മൾ പ്രകൃതിക്ക് അനുയോജ്യമായ ജീവിത രീതിയിലേക്ക് മാറാൻ തയ്യാറാകണം- അതിന് തയ്യാറാകാതെ വെറുതെ വാചക കസറത്ത് നടത്തിയിട്ട് ഒരു കാര്യവുമില്ല.

# പാമ്പ് കടിച്ചവന്റെ തലയിൽ തേങ്ങാ വീണ കഥ

Er. എൻ.റ്റി.ജോബ്

സമയം രാത്രി ഒരു മണി, സ്ഥലം ഒരു കേരളക്കര, മെയിൻറോഡിൽ നിന്നും ജീപ്പ് ഒരു ഇടവഴിയിലേക്ക് നീങ്ങി കുറെദൂരംകൂടി മുന്നോട്ടു പോയി. വഴിയിൽ നിന്നിരുന്ന ജീപ്പിൽ നിന്നും കുറച്ചുപേർ വന്ന് ജീപ്പിനു മുന്നിൽ നിന്നു. രാത്രിയാണെങ്കിലും നിലാവുണ്ടായിരുന്നു. വേഷത്തിൽ നിന്നും ഇലക്ട്രിസിറ്റിക്കാരാണെന്ന് മനസിലായി. വേഗം എല്ലാവരും ജീപ്പിൽ നിന്നിറങ്ങി. അവർ പറഞ്ഞു, 'നിങ്ങൾ അങ്ങോട്ടു പോകേണ്ട, പോലീസിനെ വിളിച്ചിട്ടു പോയാൽ മതി, ഇല്ലെങ്കിൽ ആകെ പുലിവാലാ'. വന്നുനിന്നത് സെക്ഷനാഫീസിലെ ആൾക്കാരാണെന്ന് മനസിലായി. അവർ പരിചയപ്പെടുത്തി. അവരോടു ചോദിച്ചു, ആർക്കും അപകടമൊന്നും പറ്റിയിട്ടില്ലല്ലോ, പിന്നെന്താ പ്രശ്നം. 'അതല്ല പ്രശ്നം കമ്പി പൊട്ടി വീണത് നിരനിരയായി നിൽക്കുന്ന ഓടിട്ട വീടുകളുടെ മുകളിലേക്കാണ്. നല്ല മഴയുള്ളതു കൊണ്ട് വീടുകളിലേക്കെല്ലാം വെള്ളം വീഴുന്നു. ഭാഗ്യത്തിന് ആർക്കും അപകടമുണ്ടായിട്ടില്ല'. മുന്നോട്ടു നോക്കിയപ്പോൾ ഒരാൾക്കൂട്ടം നീങ്ങി വരുന്നതു കാണാം. മൂന്ന് സബ്സ്റ്റേഷനുകൾ സപ്ലൈ ഇല്ലാതിരിക്കുകയാണെന്നതു കൊണ്ടാണ് വേഗത്തിൽ വന്നത്. 'നിങ്ങൾ വൈകുന്നതിന്റെ പേരിലാണ്' ആൾക്കാർ ദേഷ്യപ്പെട്ടു നിൽക്കുന്നത് രാത്രി പതിനൊന്നു മണിക്കാണ് വിവരം കിട്ടിയത്, അപ്പോൾതന്നെഉള്ള ആളുകളെ സംഘടിപ്പിച്ച് പത്തുമിനിറ്റിനകം പുറപ്പെട്ടു. അതിലും നേരത്തെ പോരാനായി, കമ്പി അതിലും നേരത്തെ പൊട്ടി വീഴണമായിരുന്നു. ഇവിടെ ആകെ ബഹളമാണെന്ന് കേട്ട് സെക്ഷൻ ആഫീസിൽ നിന്നും വന്നതാണ് അവർ. 'എ.ഇ.കുറച്ചു ദൂരെയാണ് താമസിക്കുന്നത്, അതുകൊണ്ട് വന്നില്ല. എ.എക്സ്.ഇ. ഇവിടെ അടുത്തുതന്നെയാണ് താമസം'. പക്ഷെ വിളിച്ചില്ല, വന്നാൽ പേരുപോലെ തന്നെയാണ്. കൊടുവാളായിരിക്കും അതിലും ഭേദം'. 'എന്താ പേരിലൊരു കുഴപ്പം.അതല്ല എ.എക്സ്.ഇ.എന്നു പറഞ്ഞതാണ്'.

ഇതു പറഞ്ഞു കൊണ്ടിരുന്നതും ആൾക്കൂട്ടം അടുത്തേക്കെത്തിക്കഴിഞ്ഞു. വരുന്നവർ എന്തൊക്കൊയോ വിളിച്ച് ആക്രോസിച്ചു കൊണ്ടിരിക്കുന്നുണ്ടായിരുന്നു. ഇത്രയധികം ആളുകൾ ഈ നട്ടപാതിരയ്ക്ക് ഉറക്കമുണർന്നിരിക്കണമെങ്കിൽ പ്രശ്നം ഗുരുതരമാണെന്ന് മനസിലായി. വന്ന കൂട്ടത്തിൽ ഒരാൾ അല്പം നന്നായി വേഷം ധരിച്ചിരുന്നു. അദ്ദേഹം ഓടി വരുന്നതു കണ്ടപ്പോൾ തന്നെ സെക്ഷൻകാരു പറഞ്ഞു, 'ഇവിടുത്തെ കൗൺസിലറാണ്. വന്നപാടെ അദ്ദേഹം കഴുത്തിനു പിടിച്ചു', 'നിങ്ങളെ ഞങ്ങൾ ഇപ്പോൾ ശരിയാക്കും, ഈ സംഭവം നടന്ന് ഇത്രയും നേരം നിങ്ങൾ എന്തു ചെയ്യുകയായിരുന്നു' തുടങ്ങിയ ചോദ്യങ്ങളുമായി ആൾക്കൂട്ടം ഞങ്ങളെ വളഞ്ഞു. കൗൺസിലറാണെന്ന് സെക്ഷൻകാരു പറഞ്ഞ റിവ് വെച്ച് കഴുത്തിനു പിടിച്ചവനോട് ഒരു നമ്പർ ഇറക്കി,'അല്ല സാറെ, സാറെന്താണിവിടെ' എന്ന ചോദ്യം, കഴുത്തിലെ പിടിയൊന്നയയുന്നത് മനസിലായി. അല്ല നിങ്ങൾക്കെന്നെ എങ്ങിനെയറിയാം അതല്ല സാറിന്റെ ഫോട്ടോ പത്രത്തിൽ പലപ്രവശ്യം വന്നതു കണ്ടിട്ടുണ്ട്. സാറുള്ളത് ഞങ്ങളുടെ ഭാഗ്യം. ഇല്ലെങ്കിൽ ഇവർ ഞങ്ങളെ വെറുതെ വിടില്ല.' കൗൺസിലറുടെ പതഞ്ഞു പൊങ്ങിയ ദേഷ്യം ആറിത്തണുത്തു.'നിങ്ങൾ ഇത്രയും വൈകിയപ്പോൾ വരാതിരിക്കുമോ എന്ന പേടിയായിരുന്നു നാട്ടുകാർക്ക്, അതു

കൊണ്ടാണ് അവർ എന്നെ വിളിച്ചു വരുത്തിയത്'. ആ ലൈനിന്റെ അടിയിൽ മുഴുവൻ വരിവരിയായി വീടുകളാണ്. എല്ലാം ഓടിട്ട വീടുകൾ, അതിനുമുകളിലേയ്ക്കാണ് ഈ കമ്പി പൊട്ടി വീണത്, ഭയങ്കര ശബ്ദത്തോടുകൂടിയാണ് വീണത്, അഞ്ചു പത്തു വീടുകളുടെ മേൽക്കൂരകളിലെ ഓടുകൾ പൊട്ടിയിട്ടുണ്ട്, നല്ല മഴയായതു കൊണ്ട് വീടിനുള്ളിലെല്ലാം വെള്ളമാണ്, ആ അരിശം കൊണ്ടാണ് ആളുകൾ ചൂടായി നില്ക്കുന്നത്. കൗൺസിലറുടെ കൈ കഴുത്തിൽ നിന്നിറങ്ങി. അടുത്ത നമ്പർ ഇറക്കി നോക്കി.'ഞങ്ങൾ കുറച്ചുപേരെ വന്നിട്ടുള്ളൂ, നാട്ടുകാരുടെ സഹായം കൂടി ഉണ്ടെങ്കിൽ വർക്ക് ചെയ്യാൻ സാധിക്കും.' അദ്ദേഹം ആൾക്കൂട്ടത്തിനുനേരെ തിരിഞ്ഞു പറഞ്ഞു,'എല്ലാവരും ഒന്നടങ്ങ് ഇവർ ഇത്രയും ദൂരെ നിന്ന് ഇവിടെത്തിയില്ലെ; അതുതന്നെ ഭാഗ്യം. എല്ലാവരും ഇവർക്കുവേണ്ട സഹായ ങ്ങൾ ചെയ്തു കൊടുക്കണം'. ജീപ്പിൽ വന്നു കൊണ്ടിരുന്നപ്പോൾ സബ്സ്റ്റേഷനുകളിൽ നിന്നും വിളികളോടു വിളിയായി രുന്നു. മൂന്ന് സബ്സ്റ്റേഷനുകൾ ഇരുട്ടിലാണ്. ഭാഗ്യത്തിന് കമ്പി പൊട്ടിവീണിടത്ത് സപ്ലൈ ഉണ്ടായി രുന്നു. പിന്നെ എല്ലാം പെട്ടെന്നായിരുന്നു. ആരൊക്കെയോ ജീപ്പിൽ പോയി പെട്രോ മാക്സ് ലൈറ്റുകൾ സംഘടിപ്പിച്ചു വന്നു. ജീപ്പിൽ നിന്നും സാധന സാമഗ്രികളെല്ലാം ഇറക്കി ടവറിനടുത്തെത്തിച്ചു. കമ്പി നടുവി ലായി മുറിഞ്ഞിരിക്കുകയാണ്. കൂടെ വന്നവർ പറഞ്ഞു, 'സാറെ ഇ ൗ ടവറുകളെല്ലാം അപകടനിലയിലാണ്, തുരുമ്പ് പിടിച്ച് ആകെ പ്രശ്നമാണ്. നമുക്കെന്തെങ്കിലും പറഞ്ഞ് തിരിച്ച് പകൽ കൂടുതൽ ആൾക്കാരു മായി വരാം'. 'ഇത്രയും ആൾക്കാരുണ്ടല്ലോ ഇവർ സഹായിക്കും, നമുക്ക് ചെയ്യാം. സബ് സ്റ്റേഷനുകളെല്ലാം ഔട്ടായി കിടക്കുകയ ല്ലെ'എന്നൊക്കെ ഞാൻ പറഞ്ഞപ്പോൾ ഗ്യാങ്ങിലുള്ളവരെല്ലാം മനസ്സില്ലാ മനസ്സോട് സമ്മതിച്ചു. സിംഗിൾ സർക്ക്യൂട്ട് ലൈനായതു കൊണ്ട് സബ്സ്റ്റേഷനുകൾക്കൊന്നും മറ്റു വഴികളിലൂടെ സപ്ലൈ എടുക്കുവാൻ നിർവാഹ മില്ല. അപ്പോഴും മഴ അധികം ശക്തിയില്ലാതെ പെയ്തുകൊണ്ടിരുന്നു. പൊട്ടി വീണ കമ്പിയിൽ നിന്ന് ചെറുതായി തരിപ്പുണ്ടായിരുന്നു. കമ്പിയിൽ ഒന്നുകൂടി എർത്തു ചെയ്തു. വീടുകളുടെ മുകളിൽ നിന്നും കമ്പി പതുക്കെ താഴോട്ട് എടുത്തു. കണ്ടക്ടർ വൂൾഫായിരുന്നതു കൊണ്ട് സ്വഭാവവും ഏകദേശം അതുതന്നെ യായിരുന്നു. ഒരു തരം ചെന്നായയുടെ രീതി; മെരുങ്ങാൻ കുറച്ചു ബുദ്ധിമുട്ട്. കോഴിക്കൂടാണെ ന്നു കരുതി വീടുകളുടെ മീതെ വീണതാണോ ആവോ. നല്ല ഭാരമുള്ള കംപ്രസർ എടുത്തു വെച്ച് പൊട്ടിയ കമ്പിയിൽ ചെറിയ നീളത്തിൽ ഒരു കമ്പികൂടി ചേർത്ത് ജോയിന്റ് ചെയ്തു. നേരം നിൽക്കുന്നുണ്ടായിരുന്നില്ല, അത് ഓടിക്കൊണ്ടിരിയ്ക്കുകയാണ്. സമയം നാലുമണി. ഇനി കമ്പി ടെൻഷൻ ചെയ്ത് മുകളിലോട്ടുയർത്തി ക്ലാമ്പ് ഫിറ്റ് ചെയ്താൽ പണി തീർന്നു. ടവറിൽ മാക്സ്പുള്ളറും അനുബന്ധ സാമഗ്രികളും എല്ലാം ഘടിപ്പിച്ച് ലൈനിൽ ക്ലാമ്പ് ഘടിപ്പിച്ച് കമ്പി വലിച്ചു യർത്താൻ തുടങ്ങി. പെട്രോമാക്സു കളുണ്ടായി രുന്നതു കൊണ്ട് വെളിച്ചത്തിനു കുറവുണ്ടാ യില്ല. ലൈൻ പതുക്കെ പതുക്കെ വീടുകൾക്കു മുകളിലേക്കുയർന്നു. നാട്ടുകാർക്ക് സമാധാന മായതുപോലെ എല്ലാവരും നെടു വീർപ്പിട്ടു. ലൈൻ ഉയർന്ന് ക്രോസാമിന്റെ ഉയരത്തി ലെത്തക്കാണും; അപ്പോഴാണ് പെട്ടെന്ന് ഭയങ്കര ശബ്ദത്തോടുകൂടി കമ്പി വീണ്ടും പൊട്ടി വീണത്. ഭാഗ്യത്തിന് ആരും തന്നെ ലൈനിനു താഴെ ഉണ്ടായിരുന്നില്ല. വീടുകളുടെ മുകളി ലേക്കാണ് വീണ്ടും വീണത്. ആളുകഴുടെ ബഹളം ഉച്ചസ്ഥായിയിലായെങ്കിലും ആർക്കും അപകടം ഉണ്ടാവാതിരുന്നതു കൊണ്ട് ബഹള ത്തിന് കാഠിന്യം കുറവായിരുന്നു. പെട്രോമാക് സിന്റെ വെളിച്ചത്തിൽ ടവറിലേക്കു നോക്കിയ പ്പോൾ കണ്ടകാഴ്ച അമ്പരിപ്പിക്കുന്നതായിരുന്നു ടവറിലെ ക്രോസാം ഒടിഞ്ഞു തൂങ്ങികിടക്കുന്നു. ക്രോസാമിലെ ഒരു ആംഗിൾ മാത്രം തുരുമ്പെടു

ക്കാത്തതുണ്ടായിരുന്നതുകൊണ്ട് പൊട്ടി താഴോട്ടു വീണില്ല. ബാക്കിയെല്ലാം ഒടിഞ്ഞു നുറുങ്ങിയി രുന്നു. നേരത്തെ ആ ക്രോസാമിൽ കയറി നിന്നവരെയും മറ്റും മനസിൽ ഓർത്ത് ദൈവത്തിനു നന്ദി പറഞ്ഞു. ക്രോസാം താഴോട്ടു പോന്നിരുന്നെങ്കിൽ എന്താകുമായിരുന്നുവെന്ന് ആലോചിക്കുവാൻ ശ്രമിച്ചില്ല. താഴെയുണ്ടായിരുന്ന ആൾക്കൂട്ടത്തിലേയ്ക്കെ ങ്ങാനും ക്രോസാം വീണിരുന്നെങ്കിൽ എന്ന് ഒരുനിമിഷം ചിന്തിച്ചുപോയി. അപ്പോഴേക്കും ആൾക്കൂട്ടം ഇളകിവശായി. കൗൺസിലർ ഉണ്ടായിരുന്നതുകൊണ്ട് പറയാൻ ഒരാളുണ്ടായി. നേരം പതുക്കെ വെളുക്കാൻ തുടങ്ങിയിരുന്നു.

പുതിയ ക്രോസാം കൊണ്ടു വരാമെന്ന് പറഞ്ഞ് ജീപ്പിൽ കയറി വീണ്ടും ആഫീസിലേക്കു തിരിച്ചു. ഈ ലൈൻ മൊത്തം തുരുമ്പെടുത്തു നശിച്ചിരുന്നതുകൊണ്ട് പല ടവറുകളിലെയും ക്രോസാമുകൾ ഇതിനകം മാറി കഴിഞ്ഞിട്ടുണ്ടായിരുന്നു. അതുകൊണ്ട് പുതിയതായുണ്ടാക്കിയ ക്രോസാമുകൾ ആഫീസിലിരിക്കുന്നുണ്ടെന്നത് സമാധാനമായി. പക്ഷെ ആഫീസിലെത്തി തിരിച്ചു വരാനായി അഞ്ചുമണിക്കൂറെങ്കിലും എടുക്കുമെന്നുള്ളത് ബുദ്ധിമുട്ടാക്കി. അപ്പോഴേക്കും സബ്സ്റ്റേഷനുകളിൽ നിന്നുമുള്ള വിളികൾ വീർപ്പു മുട്ടിച്ചു. എന്തുചെയ്യാം ഒരു രക്ഷയുമില്ല, സബ്സ്റ്റേഷനുകളിലെ ബാറ്ററികളും ഡൗൺ ആകാൻ തുടങ്ങിയിരിക്കും; പ്രശ്നം സങ്കീർണ്ണമായി ക്കൊണ്ടിരുന്നു.

എങ്കിലും ജീപ്പിൽകയറി ആഫീസിലേക്കു പോയി ലോറി സംഘടിപ്പിച്ച് ക്രോസാം എടുത്ത് തിരിച്ചെത്തിയപ്പോൾ സമയം പതിനൊന്നായി. പിന്നീടെല്ലാവരും ചേർന്ന് ആഞ്ഞുപിടിച്ച് ക്രോസാം ഘടിപ്പിച്ച് കണ്ടക്ടർ വലിച്ചു കയറ്റി വർക്ക് കഴിഞ്ഞപ്പോൾ സമയം ഉച്ചകഴിഞ്ഞ് അഞ്ചുമണി .തലേ ദിവസം രാത്രി ഒരു മണിക്ക് തുടങ്ങിയത് ഒടുങ്ങിയത് വൈകിട്ട് അഞ്ചു മണിയായപ്പോൾ. പെർമിറ്റ് മടക്കി ലൈൻ ചാർജ് ചെയ്യുമ്പോൾ ഉള്ളിൽ പ്രാർത്ഥനയായിരുന്നു ഇനിയൊന്നും സംഭവിക്കരുതെ എന്ന്. പ്രാർത്ഥനയുടെ ഫലമായിരിക്കാം പിന്നീടൊന്നും സംഭവിച്ചില്ല. ലൈൻ ചാർജ്ചെയ്തു നിന്നു. അപ്പോൾ യഥാർത്ഥ പ്രശ്നം ഉയർന്നു വന്നു. പൊട്ടിയ ഓടുകൾ മാറ്റി കൊടുക്കണം. സെക്ഷനാഫീസിലെ സ്റ്റാഫിന്റെ മുഖത്തോട്ടു നോക്കി, എന്തെങ്കിലും വഴിയുണ്ടോ? ദയനീയമായ നോട്ടം കണ്ടിട്ടാണോ എന്തോ? അവർ പറഞ്ഞു, അത് പേടിക്കാനില്ല, അടുത്ത് ഒരു ഓട്ടു കമ്പനി ഉണ്ട്, അവിടെ നിന്നെടുക്കാം.അവർ വേഗം ജീപ്പിൽ കയറിപോയി. പെട്ടെന്നുതന്നെ തിരിച്ചു വന്നു. ഓട്ടു കമ്പനികൾ ഓടു തരാമെന്ന് പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു. ക്രോസാം കയറ്റി വന്ന ലോറി കൊണ്ടുപോയി ഓട് എടുത്തു കൊണ്ടുവന്നു. നാട്ടുകാരു തന്നെ പുരപ്പുറത്തു കയറി ഓടുകൾ മാറ്റി. അപ്പോഴും ചാറ്റൽമഴ പെയ്തു കൊണ്ടിരുന്നു. വീടുകളിൽ സ്ത്രീകൾ മുറികളെല്ലാം തുടച്ചു വൃത്തിയാക്കി കൊണ്ടിരുന്നു.

മടങ്ങിപോരുമ്പോൾ നാട്ടുകാരുടെ കമന്റ് 'ഇലക്ട്രിസിറ്റിയിൽ ഇങ്ങിനെയും ഉറക്കമിളച്ചും പണിചെയ്യുന്നവരുണ്ടെന്ന്' ആദ്യമായാണ് കാണുന്നത്. എല്ലാവരോടും സന്തോഷത്തോടെ കൈ കൊടുത്ത് കൗൺസിലറോട് നന്ദിയും പറഞ്ഞ് ജീപ്പിൽ കയറിയതും അടുത്ത ഫോണെത്തി, എവിടെയോ 110 കെ.വി.ഫീഡർ ഫോൾട്ടായിരിക്കുന്നു, ഉടനെത്തണം. പ്രയാണം തുടർന്നു.

**വാൽകഷ്ണം:-**ഇത് ഒരു സംഭവ കഥയായി ആരും തെറ്റിദ്ധരിക്കരുത്. ഇതിലെ കഥാപാത്രങ്ങളെല്ലാം സാങ്കൽപ്പികമാണ്. ആരെങ്കിലും പുനരന്വേഷണം ആവശ്യപ്പെട്ടാൽ മുൻകാല പ്രാബല്യത്തോടെ സസ്പെൻഷൻ അടിച്ചു കയ്യിൽതരും ക്രോസാം കേടാക്കിയതിന്!

✵

2012 AUGUST 2 THURSDAY

UTHARADESAM DAILY KASARAGOL

# വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് സഹകരിക്കണമെന്ന് കെ.എസ്.ഇ.ബി.

കാസർകോട്: വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് സഹകരിക്കണമെന്ന് കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ ഉപഭോക്താക്കളോട് ആവശ്യപ്പെട്ടു.

കാലവർഷത്തിന്റെ കുറവും ഉത്തരേന്ത്യൻ ഗ്രിഡിലുള്ള തകരാർമൂലവും സംസ്ഥാന വൈദ്യുതി ബോർഡ് രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നേരിടുകയാണ്.

സംസ്ഥാനത്തിന് ആവശ്യമായ അമ്പതുകോടി യൂണിറ്റ് വൈദ്യുതിയിൽ മൂന്നരക്കോടി യൂണിറ്റും പുറമെനിന്ന് വൻ വിലക്ക് വാങ്ങിയാണ് വിനിയോഗിക്കുന്നത്. കേരളത്തിനകത്ത് ജലവൈദ്യുത പദ്ധതികളിൽനിന്ന് ഒന്നരക്കോടി യൂണിറ്റ് മാത്രമാണ് ഉൽപാദിപ്പിക്കാൻ സാധിക്കുന്നത്. അരക്കോടി യൂണിറ്റ് വൈദ്യുതി ഉയർന്നവിലയിൽ കായംകുളത്തുനിന്നുമാണ് എടുക്കുന്നത്. സംസ്ഥാനത്തിന് പുറമെനിന്നും പരമാവധി മൂന്നരക്കോടി യൂണിറ്റ് വൈദ്യുതി മാത്രമാണ് കൊണ്ടുവരാൻസാധിക്കുന്നത്. അതിന്റെ പരമാവധി ഇപ്പോൾ തന്നെ ഉപയോഗിക്കുന്നു. ഇനിയും കൂടുതൽ വൈദ്യുതി കൊണ്ടുവരാൻ ലൈനുകൾ ഇല്ല.

സംസ്ഥാനത്തെ എല്ലാ ഉപഭോക്താക്കളും വൈകുന്നേരങ്ങളിൽ ഒരു ബൾബ് ഓഫ് ചെയ്യാൻ തയ്യാറായാൽ 500 മെഗാവാട്ട് വൈദ്യുതി കുറവ് വരുത്താൻ സാധിക്കും. വൈകുന്നേരങ്ങളിൽ വ്യവസായ ശാലകളുടെ പ്രവർത്തനം കുറച്ചുകൊണ്ട് സഹകരിക്കണം.

ഇത്തരം സന്ദർഭങ്ങളിൽ ഉപഭോക്താക്കളുടെ ഭാഗത്തുനിന്നുള്ള സഹകരണം കൊണ്ടു മാത്രമേ വൈദ്യുതി പ്രതിസന്ധി മറികടക്കുവാൻ സാധിക്കൂ എന്നും എഞ്ചിനീയേഴ്സ് അസോസിയേഷൻ അഭ്യർത്ഥിച്ചു.

---

THIRUVANANTHAPURAM

THE HINDU • WEDNESDAY, AUGUST 1, 2012

## Gas turbine saved the day in capital

Smriti Kak Ramachandran

NEW DELHI: When power supply in the capital stopped after the northern grid collapsed for the second consecutive day on Tuesday, a gas turbine power plant, set up in 1985 to ensure round-the-clock supply to the VVIP areas, became the nucleus of resumption of generation in the city.

With as little as 60 MW generated at the time of the grid collapse, the plant first helped to energise VVIP addresses including the Prime Minister's Office and residence, and also provided the external power required to restart the city's generation units.

"The GT served its purpose. It was set up as a 'black start' power project, which means it does not need any external power to start. Unlike thermal power plants that require external power to get them started, the GT is able to start functioning with just its diesel engine and a battery," said an official.

The power plant, with six turbines of 30 MW each, had just two turbines functioning on Tuesday, but helped to energise other generating units.

"The GT has the capability to energise the high-capacity Pragati power plant, Badarpur thermal plant, Bawana and even Dadri," said the official.

"The GT plant was conceived with the idea of protecting Delhi from a complete blackout in case of a grid collapse. There is usually a domino impact when the grid collapses and the generating units are impacted all at once," said the official.

Also coming to the aid of the city were the Tata Power Delhi Distribution Limited's gas-based plant at Rithala which generated about 32 MW, Kihand II, Singrauli and the Bhakra generating centre.

---

മാതൃഭൂമി • 2012 ആഗസ്റ്റ് 6 • തിങ്കളാഴ്ച

ആക്ഷേപങ്ങളും അഭിപ്രായങ്ങളും

## സൂര്യതേജസ്സിനെ ആശ്രയിക്കാം!

ഇടുക്കി അണക്കെട്ടിലെ വെള്ളം മുല്ലപ്പെരിയാർ പ്രശ്നത്തിന്റെ പേരിൽ അധികമായി ഉപയോഗിച്ചതിനാലും കാലവർഷം ചതിച്ചതിനാലും ആഭ്യന്തരവൈദ്യുതി ഉത്പാദനം ഇപ്പോൾ പരിമിതമാണ്. രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയിലേക്കാണ് കേരളം നീങ്ങിക്കൊണ്ടിരിക്കുന്നത്. കായംകുളം താപനിലയത്തിൽനിന്നും സ്വകാര്യ ഉത്പാദകരിൽനിന്നും വൻവിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് പ്രതിസന്ധി മറികടക്കുന്നത്.

ഈ പശ്ചാത്തലത്തിലാണ് ഓരോ പഞ്ചായത്തിലും ഓരോ മെഗാവാട്ടിന്റെ സൗരോർജപ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി പ്രതിസന്ധി മറികടക്കാം എന്ന നിർദേശം കെ.എസ്.ഇ.ബി.ബോർഡിനും സർക്കാരിനും കെ.എസ്.ഇ.ബി.എൻജിനീയേഴ്സ് അസോസിയേഷൻ സമർപ്പിച്ചിട്ടുള്ളത്.

നല്ല മഴയ്ക്കായി പ്രാർഥിച്ച് കാത്തിരിക്കുന്നതും കേന്ദ്രവിഹിതത്തെ ആശ്രയിക്കുന്നതും മാറിയേ തീരൂ. പ്രകൃതിയുടെ വരദാനമായ സൗരോർജ ഉത്പാദനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ചെലവില്ലാതെ കിട്ടുന്ന പ്രകാശം അനന്തമായി ഒരിക്കലും തീർന്നുപോകുകയുമില്ല. മാത്രമല്ല പരിസ്ഥിതി മലിനീകരണം, അപകടസാധ്യത, കാലാവസ്ഥ വ്യതിയാനം എന്നിവയും സൗരോർജ [illegible] ആകും. സൗരോർജ ഉത്പാദനത്തിനുവേണ്ടിവരുന്ന കൂടിയ ചെലവാണ് മുഖ്യതടസ്സം. അതിനു ചെലവ് കുറഞ്ഞ സാങ്കേതികവിദ്യകൾ കണ്ടെത്താൻ ഗവേഷകർക്ക് പ്രോത്സാഹനം നൽകണം.

പാരമ്പര്യേതര ഊർജസ്രോതസ്സുകളും ഇല്ലാതായിക്കൊണ്ടിരിക്കുമ്പോഴും വർധിച്ചുവരുന്ന ഊർജാവശ്യം നിറവേറ്റാൻ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സൗരോർജ പദ്ധതികൾക്ക് കേന്ദ്രസഹായം ഉറപ്പ് വരുത്തണം. കേന്ദ്രസർക്കാറിന്റെ സൗരോർജ [illegible] നയവും സർക്കാർതലത്തിൽ പദ്ധതികളുമുണ്ടാവണം.

തമിഴ്നാട്ടിൽ 100 മെഗാവാട്ടിന്റെയും കർണാടകയിൽ 200 മെഗാവാട്ടിന്റെയും സൗരോർജപദ്ധതിക്ക് ആരംഭംകുറിച്ചു. രാജസ്ഥാനിൽ കമ്മീഷൻചെയ്ത 500 മെഗാവാട്ടിന്റെ പദ്ധതിയിൽനിന്ന് യൂനിറ്റിന് 7 രൂപ 98 പൈസ നിരക്കിലാണ് വൈദ്യുതി ലഭിക്കുന്നത്. ഗുജറാത്തിലാകട്ടെ നിലവിലുള്ള സൗരോർജപ്ലാന്റിന്റെ ശേഷി 3000 മെഗാവാട്ടായി വർധിപ്പിക്കാൻ തീരുമാനിച്ചതായാണറിവ്.

എല്ലാവർക്കും വൈദ്യുതിയെന്നത് വിദൂരസ്വപ്നമാവാതിരിക്കാൻ നമുക്ക് സൂര്യതേജസ്സിനെ ആശ്രയിക്കാം.

—എം. രാധാകൃഷ്ണൻ നായർ,
ഓർഗനൈസിങ് സെക്രട്ടറി (നോർത്ത്), കെ.എസ്.ഇ.ബി.
എൻജിനീയേഴ്സ് അസോസിയേഷൻ.




എൻജിനീയേർസ് അസോസിയേഷൻ കാസർഗോഡ് യൂണിറ്റിന്റെ
ആഭിമുഖ്യത്തിൽ നടന്ന ഓണാഘോഷത്തിന്റെ ദൃശ്യങ്ങൾ.



Monthly Journal August 2012 (Reg.No. KL/TV(N)/229/2009 -11) Price ₹ 5

KERALA STATE ELECTRICITY BOARD ENGINEERS' ASSOCIATION
ENGINEERS HOUSE, T.C. 26/1300, PANAVILA, TRIVANDRUM - 695 001
PHONE : 0471 - 2330696, FAX : 0471 - 2330853

# ENGINEERS' DAY
## 15th September



Bharat Rathna
Sir MOKSHAGUNDAM VISVESVARAYA
1860-1962

Edited, Printed & Published by Er. P. Murali, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01 Ph: 2330696, web: ksebea.in at Bhagath, Pattom, Trivandrum - 4 Ph: 0471- 4017097,bhagathpattom@yahoo.com

For private Circulation only